VOL NO: 07 I ISSUE 13
www.nerpatham.com
mail@nerpatham.com
2023 APRIL 01 I ₹10

# നേർപഥം

വാരിക

# ജനാധിപത്യത്തിന്റെ മരണമണി മുഴങ്ങുന്നുവോ?

തെരഞ്ഞെടുപ്പ് പ്രചാരണവേളയിലെ പ്രസംഗ വാചകങ്ങളെ വ്യാഖ്യാനിച്ച് രാഹുൽ ഗാന്ധിക്കെതിരെ കോടതിയും അതുവഴി സ്പീക്കറും നിയമനടപടി സ്വീകരിച്ചിരിക്കുകയാണ്. നിലനിൽക്കുന്ന, ഭരണകൂട കൊള്ളരുതായ്മകൾക്കെതിരെ ശക്തിയുക്തം ശബ്ദിക്കുന്ന പ്രതിപക്ഷ നേതാക്കളെയൊന്നൊന്നായി അധികാര ദണ്ഡുപയോഗിച്ച് നിശ്ശബ്ദരാക്കുന്ന ഭരണകൂട ധാർഷ്ട്യത്തിനെതിരെ പ്രതികരിച്ചേ മതിയാവൂ. ജാതി, മത, കക്ഷി വ്യത്യാസമില്ലാതെ എല്ലാവരുടെയും ശക്തമായ പ്രതികരണങ്ങളിലൂടെ മാത്രമെ ഇന്ത്യയുടെ അടിത്തറയായ ജനാധിപത്യത്തെ സംരക്ഷിക്കുവാൻ കഴിയുകയുള്ളൂ.

## നോമ്പ്; ചില ഫത്‌വകൾ

- ജീവന്റെ ഉത്ഭവം ക്വുർആനിലും ശാസ്ത്രത്തിലും
- വിശുദ്ധ ക്വുർആൻ പ്രപഞ്ച സ്രഷ്ടാവിന്റെ സന്ദേശം
- ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയും പരിഹാസ്യരാകുന്ന വിമർശകരും






സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്

GreenHome
RESIDENTIAL CAMPUS

**സവിശേഷ പഠന മേഖലകൾ:**

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

CONTACT US
+91 9605 146 000
+91 9061 716 600

**For Boys Grade 5 to 8**
**For Girls Grade 6 & 7**

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0323

# നേർപഥം

വാരിക

2023 ഏപ്രിൽ 01
1444 റമദാൻ 10
പുസ്തകം 07 / ലക്കം 13






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി

10

## ജനാധിപത്യത്തിന്റെ മരണമണി മുഴങ്ങുന്നുവോ?

മുജീബ് ഒട്ടുമ്മൽ

ലേഖനം
06 ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയും പരിഹാസ്യരാകുന്ന വിമർശകരും
മൂസ സ്വലാഹി കാര

ലേഖനം
26 വിദ്യാലയങ്ങളും മതചിഹ്നങ്ങളും
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
18 സ്വപ്നങ്ങൾക്ക് നികുതി വേണ്ട!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
29 വിശുദ്ധ ക്വുർആൻ പ്രപഞ്ച സ്രഷ്ടാവിന്റെ സന്ദേശം
ശമീർ മദീനി

ലേഖനം
22 ജീവന്റെ ഉത്ഭവം ക്വുർആനിലും ശാസ്ത്രത്തിലും
ഡോ. ടി. കെ യൂസുഫ്

ക്വുർആൻ ദർശനം
32 സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

സംശയനിവാരണം
25 നോമ്പ്; ചില ഫത്‌വകൾ
ശൈഖ് അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാഹ് ബിൻ ബാസ് (റഹ്)

വനിതാപഥം
34 സ്ത്രീകളും പ്രബോധനവും
ആഷിഖ.എ.വി, നടുവട്ടം



# സൗഹൃദ സംഗമം സമാപിച്ചു

കോഴിക്കോട്: പാണക്കാട് സ്വാദിഖലി ശിഹാബ് തങ്ങളുടെ അധ്യക്ഷതയിൽ കോഴിക്കോട് ചേർന്ന മുസ് ലിം സംഘടനകളുടെയും സമുദായ നേതാക്കളുടെയും സൗഹൃദ സംഗമത്തിലും ഇഫ്താർ മീറ്റിലും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ.അശ്‌റഫ്, സംസ്ഥാന ട്രഷറർ കെ സജ്ജാദ് എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

രാജ്യം ഒരു പരീക്ഷണഘട്ടത്തിലൂടെ കടന്ന് പോകുന്ന ഈ ഘട്ടത്തിൽ മതനിരപേക്ഷ നിരയുടെ ഐക്യവും വിവിധ സമുദായങ്ങൾ തമ്മിലുള്ള സഹകരണവും പൊതു വിഷയത്തിൽ മുസ്‌ലിം സംഘടനകൾക്കിടയിൽ ഉണ്ടാകേണ്ട യോജിപ്പും ചർച്ചയിൽ കടന്ന് വന്നു.

ഫാസിസം കേരളത്തിൽ പിടിമുറുക്കാൻ ന്യൂനപക്ഷങ്ങളെ വിവിധ രൂപത്തിൽ പ്രീണിപ്പിച്ചും പ്രലോഭിപ്പിച്ചും ഒരുവേള ഭീഷണിപ്പെടുത്തിയുമെല്ലാം തന്ത്രങ്ങൾ മെനയുന്ന പ്രത്യേക സാഹചര്യത്തിൽ മുസ്‌ലിം സംഘടനകൾക്കിടയിൽ ഫാസിസ്റ്റ് വിരുദ്ധ നീക്കത്തിൽ വിള്ളൽ വീഴാതിരിക്കാനാവശ്യമായ ജാഗ്രത ഉണ്ടാവണമെന്ന് ടി.കെ അശ്‌റഫ് സൂചിപ്പിച്ചു. മുസ്‌ലിം മാനേജ്മെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ പോലും ഈയിടെ വർധിച്ച് വരുന്ന ഡി.ജെ പാർട്ടികൾ പോലുള്ള വഴിവിട്ട സംസ്കാരത്തെ ഗൗരവപൂർവം കാണാൻ ഇനിയും നമ്മൾ തയ്യാറായില്ലെങ്കിൽ ദൂരവ്യാപകമായ ഭവിഷത്തുകൾ നാം അനുഭവിക്കേണ്ടി വരുമെന്നും കൂട്ടിച്ചേർത്തു.

കേരളത്തിലെ എല്ലാ പ്രമുഖ മുസ് ലിം സംഘടനകളുടെയും പ്രാതിനിധ്യം യോഗത്തിൽ ഉണ്ടായി എന്നത് ശ്രദ്ധേയമാണ്. മുസ് ലിം ലീഗിന്റെ ദേശീയ നേതാക്കൾ, ഒട്ടുമിക്ക എം.എൽ.എ മാർ, പോഷക സംഘടനാ നേതാക്കൾ, സംസ്ഥാന സെക്രട്ടറിയേറ്റ് എന്നിവരുടെ സാന്നിധ്യവും യോഗത്തെ പ്രൗഢമാക്കി. യോഗത്തിൽ ഉയർന്ന നിർദേശങ്ങൾക്ക് പ്രായോഗിക നടപടികൾ കൂടി ഉണ്ടായാൽ ഇതുപോലുള്ള സംഗമങ്ങൾ സമൂഹത്തിന് മൊത്തത്തിലും സമുദായത്തിന് പ്രത്യേകമായും ഏറെ ഗുണം ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല.

മുഖമൊഴി

# പ്രവാചകന്മാരുടെ പാത

എല്ലാ മതവിഭാഗങ്ങളെയും പോലെ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മുസ്‌ലിം സമുദായവും മുക്തമല്ല എന്നത് വസ്തുതയാണ്. എന്നാൽ ഇസ്‌ലാമിക പ്രമാണങ്ങളിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും യാതൊരു പഴുതുമില്ല. എന്ന് മാത്രമല്ല അവയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുവാനാണ് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

മനുഷ്യന്റെ സൃഷ്ടി പ്രകൃതിയുടെ സകലമാന പ്രത്യേകതകളും പരിഗണിച്ചുകൊണ്ടാണെന്ന് ചിന്തിക്കുന്നവർക്ക് ബോധ്യമാകും. തന്നെ ഒരു ഉത്തമ പൗരനാക്കുന്ന, ആത്യന്തിക വിജയത്തിന് നയിക്കുന്ന ഒരു മാർഗനിർദേശത്തെക്കുറിച്ചുള്ള ചിന്തയും അന്വേഷണവുമാണ് മനുഷ്യനിൽനിന്നുണ്ടാകേണ്ടത്. മനുഷ്യന്റെ മാനസിക-ശാരീരിക അവസ്ഥകളെക്കുറിച്ചും ആവാസ വ്യവസ്ഥയെക്കുറിച്ചുമെല്ലാം നന്നായി അറിയുക അവന്റെ സ്രഷ്ടാവിനായിരിക്കുമല്ലോ. സർവശക്തനും സർവാധീശനുമായ ഒരുവന് മാത്രമെ മേൽപറഞ്ഞ രൂപത്തിലുള്ള അന്യൂനമായ മാർഗദർശനം നൽകാൻ കഴിയൂ എന്നതിൽ സംശയമില്ല. ആ മാർഗദർശനത്തിനാണ് ഇസ്‌ലാം എന്ന് പറയുന്നത്.

മനുഷ്യൻ സംസ്‌കൃതനാകുവാനും ഇഹപര വിജയത്തിന് അർഹനാകുവാനുമുള്ള ദൈവിക മാർഗദർശനമാണ് ഇസ്‌ലാം എന്നർഥം. മനുഷ്യവാസമുണ്ടായ ഭൂപ്രദേശങ്ങളിലെല്ലാം ദൈവിക കൽപന പ്രകാരം അവനെ മാത്രം ആരാധിച്ച് ജീവിക്കുവാനുള്ള ഉദ്ബോധനങ്ങളുമായി പ്രവാചകന്മാർ അയക്കപ്പെട്ടിട്ടുണ്ടെന്ന് വിശുദ്ധ ക്വുർആൻ വ്യക്തമാക്കിയതായി കാണാം:

വിവിധ നാടുകളിലേക്കും വ്യത്യസ്ത ജനവിഭാഗങ്ങളിലേക്കുമാണ് പ്രവാചകന്മാർ നിയോഗിതരായതെങ്കിലും അവരുടെ പ്രബോധനത്തിന്റെ അടിസ്ഥാനശിലകൾ ഒന്നുതന്നെയായിരുന്നു. സ്രഷ്ടാവും സംരക്ഷകനും മരിപ്പിക്കുന്നവനും ഏകനായ അല്ലാഹു മാത്രമാണ്. അവൻ മാത്രമാണ് ആരാധനകൾ അർഹിക്കുന്നത്. അവനോട് മാത്രമെ പ്രാർഥിക്കാവൂ. മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല. ലോകം ഒരുനാൾ അവസാനിക്കും. പുനരുദ്ധാരണത്തിന് ശേഷം വിചാരണ ചെയ്യപ്പെടും. സത്യവിശ്വാസം സ്വീകരിച്ച് സൽകർമങ്ങൾ ചെയ്ത് ജീവിച്ചവർക്ക് ശാശ്വത സ്വർഗജീവിതം പ്രതിഫലമായി ലഭിക്കും. അല്ലാത്തവർ നരക ശിക്ഷക്ക് വിധേയരാകും. ഇത് എല്ലാ പ്രവാചകന്മാരും പഠിപ്പിച്ച ആദർശമാണ്.

അല്ലാഹു പറയുന്നു: "...മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെമേൽ അവൻ ചുമത്തിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്‌റാഹീമിന്റെ മാർഗമത്രെ അത്. മുമ്പും (മുൻവേദങ്ങളിലും) ഇതിലും (ഈ വേദത്തിലും) അവൻ (അല്ലാഹു) നിങ്ങൾക്ക് മുസ്‌ലിംകളെന്ന് പേര് നൽകിയിരിക്കുന്നു. റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും വേണ്ടി..." (ക്വുർആൻ 22:78).

ഈ സാക്ഷീകരണത്തിന്റെ ഭാഗം കൂടിയാണ് ഇസ്‌ലാമിക പ്രബോധനം. പ്രമാണങ്ങൾ നേർക്കുനേരെ വിശദമാക്കിക്കൊടുക്കുക എന്നതാണ് പ്രബോധകന്റെ കടമ. ആദർശം ആരെയും അടിച്ചേൽപിക്കുവാൻ ഇസ്‌ലാം പറയുന്നില്ല. പ്രവാചകനോടായി അല്ലാഹു പറയുന്നു: "പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ" (18:29).

"മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽനിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (2:256).



# ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയും പരിഹാസ്യരാകുന്ന വിമർശകരും

2

മൂസ സ്വലാഹി കാര
:97473 45768

ഇസ്‌ലാമിക ശരീഅത്തിലും അതിന്റെ പ്രമാണങ്ങളിലും അഗാധജ്ഞാനമുള്ള പണ്ഡിതന്മാരുടെ മഹത്ത്വത്തെയും വൈദഗ്ധ്യത്തെയും അംഗീകരിക്കുക എന്നത് മതബോധമുള്ളവരുടെ സ്വഭാവമാണ്. ഓരോ കാലഘട്ടത്തിലും അന്ധവിശ്വാസങ്ങൾക്ക് കീഴ്പ്പെട്ടവർ അന്യായമായി പണ്ഡിതന്മാരെ ഉപദ്രവിക്കുന്നതിൽ നന്നായി ഉത്സാഹിച്ചിട്ടുണ്ട്. സത്യത്തോടും നവോത്ഥാന മുന്നേറ്റത്തോടും വിരോധമുള്ള സമസ്തയുടെ പുരോഹിതന്മാർ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യോട് തീരാത്ത അരിശം വച്ചുപുലർത്തുന്നവരാണ്. 2023 ജനുവരി ലക്കം സുന്നിവോയ്സിൽ അദ്ദേഹത്തെ സംബന്ധിച്ച് എഴുതിയത് കാണുക:

'വിഷലിപ്തവും ഇസ്‌ലാമിക പ്രമാണങ്ങൾക്ക് വിരുദ്ധവുമായ മേൽ വാദങ്ങൾക്കു പുറമെ ലോക പണ്ഡിതരുടെ ഉറച്ച തീരുമാനങ്ങൾക്കു വിരുദ്ധമായ നിരവധി ആശയങ്ങളുടെ പിതാവാണിദ്ദേഹം. ഹി. 661 ൽ ജനിച്ച ഇദ്ദേഹം ലോക മുസ്‌ലിംകളുടെ ഇജ്മാഇന് എതിരായ നിരവധി ഫത്‌വകൾ നൽകുകയും ചെയ്ത കാരണത്താൽ സമൂഹത്തിൽ ഒറ്റപ്പെടുകയും സമകാലിക പണ്ഡിതന്മാർ അദ്ദേഹത്തിന്റെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടി ഗ്രന്ഥങ്ങളെഴുതുകയും ചെയ്തിട്ടുണ്ട്' (പേജ് 9).

പഴി പറഞ്ഞ് കാര്യം നേടുക എന്ന പുരോഹിത വർഗത്തിന്റെ സ്ഥിരം പണിയാണ് ഇവിടെയും ആവർത്തിച്ചത്. തെളിവുകളെ മുൻനിർത്തി ഇബ്നു തൈമിയ്യ(റഹി) തന്റെ ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തിയ വിഷയങ്ങളെയും ചർച്ചകളെയുമാണ് 'വിഷലിപ്തം,' 'പൊള്ളത്തരങ്ങൾ' എന്നൊക്കെ മുസ്‌ലിയാർ വിശേഷിപ്പിച്ചിരിക്കു

ന്നത്. പ്രമാണങ്ങളിൽ അവഗാഹവും പണ്ഡിതലോകത്ത് ഉന്നത സ്ഥാനവുമുള്ള വ്യക്തിത്വത്തെ ഇങ്ങനെ അവഹേളിക്കുന്നത് അദ്ദേഹം പ്രമാണബദ്ധമായി മതം പഠിപ്പിച്ചു എന്ന കാരണത്താൽ മാത്രമാണ്. വ്യർഥവാദങ്ങൾക്ക് രൂപഭാവം നൽകപ്പെട്ട ഗ്രന്ഥങ്ങൾ മാത്രം ചുമന്ന് നടക്കുന്നവർക്ക് അകക്കാമ്പുള്ള ഗ്രന്ഥങ്ങളോട് വെറുപ്പുതോന്നുക സ്വാഭാവികം.


ഇബ്നു തൈമിയ്യയുടെ അറിവിനും കഴിവിനും ആദരവും അംഗീകാരവും കൊടുത്ത എൺപതിലധികം പണ്ഡിതന്മാർ അദ്ദേഹത്തെ വിശേഷിപ്പിച്ചത് 'ശൈഖുൽ ഇസ്‌ലാം' എന്നാണ്. മുസ്‌ലിയാരുടെ കുബുദ്ധിയിൽനിന്നുണ്ടായ ആക്ഷേപ കാരണം വസ്തുതാപരമല്ലെന്നതിന് അദ്ദേഹത്തിന് കിട്ടിയ അംഗീകാരങ്ങൾ തന്നെ മതിയായ മറുപടികളാണ്.

ഹിജ്റ 773ൽ മരണപ്പെട്ട സുബ്കി(റഹി) പറഞ്ഞു: 'അല്ലാഹുവാണെ സത്യം! വിവരമില്ലാത്തവനോ, തന്നിഷ്ടക്കാരനോ അല്ലാത്തവരാരും ഇബ്നു തൈമിയ്യയോട് ദേഷ്യം വച്ചുപുലർത്തുകയില്ല.''

'വിവരമില്ലാത്തവൻ താനെന്താണ് പറയുന്നതെന്നറിയാത്തവനാണ്. തന്നിഷ്ടക്കാരനാകട്ടെ, സത്യം മനസ്സിലായതിനു ശേഷം തന്റെ ഇഷ്ടം അത് സ്വീകരിക്കുന്നതിൽനിന്ന് അയാളെ തടയുകയും ചെയ്യും' (അർറദ്ദുൽവാഫിർ/ ഇബ്നു മൻസൂർ).

ഹിജ്റ 852ൽ മരണപ്പെട്ട ഇബ്നുഹജർ അസ്ക്വലാനി (റഹി) പറയുന്നു: 'അദ്ദേഹം സുനനു അബീ ദാവൂദ് വായിക്കുകയും അത് സ്വന്തം കൈപ്പടയിൽ പകർത്തുകയും ചെയ്തു. അജ്സാഉകൾ (നിശ്ചിത ഭാഗം ഹദീസുകൾ അടങ്ങിയ ഗ്രന്ഥങ്ങളുടെ സനദുകൾ) കരഗതമാക്കി. ഹദീസുകൾ ഉദ്ധരിച്ച ആളുകളെക്കുറിച്ചും ഹദീസുകളുടെ ന്യൂനതകളെക്കുറിച്ചും ഗവേഷണ പഠനങ്ങൾ നടത്തി. കർമശാസ്ത്രത്തിൽ അവഗാഹം നേടി. (പല വിഷയങ്ങളിലും) നിപുണത നേടി. പലരിൽ നിന്നും വ്യതിരിക്തത നേടി. (പലരെക്കാളും) മുൻകടന്നു. (ഗ്രന്ഥങ്ങൾ) രചിച്ചു. ദർസ് നടത്തി. (ആളുകളുടെ മതപരമായ സംശയങ്ങൾക്ക് മറുപടിയായി) ഫത്‌വകൾ നൽകി. സമകാലീനരായ ആളുകളെക്കാൾ മുൻകടന്നു. പെട്ടെന്ന് പ്രമാണങ്ങൾ മനസ്സിൽ കൊണ്ടുവരുന്നതിലും ഹൃദയ ശക്തിയിലും ഉദ്ധരണികളിലെയും ബൗദ്ധിക വിജ്ഞാന ശാസ്ത്രത്തിലെയും വിശാലതയിലും മുൻഗാമികളുടെയും പിൻഗാമകളുടെയും വീക്ഷണങ്ങൾ ദീർഘമായി എടുത്തുദ്ധരിക്കുന്നതിലും ഒരു അത്ഭുതമായി അദ്ദേഹം മാറി'(അദ്ദുററുൽ കാമിൻ).

ഹിജ്റ 711ൽ മരണപ്പെട്ട ഇമാദുദ്ദീൻ അൽവാസിത്വി (റഹി) പറയുന്നു: 'അല്ലാഹുവാണേ സത്യം! വീണ്ടും, അല്ലാഹുവാണേ സത്യം! ആകാശത്തിനു താഴെ നിങ്ങളുടെ ശൈഖ് ഇബ്നു തൈമിയ്യയെ പോലെ അറിവും പ്രവർത്തനവും നല്ല അവസ്ഥയും സൽസ്വഭാവവും പ്രവാചകനെ പിൻപറ്റലും ഔദാര്യവും വിവേകവും അല്ലാഹുവിനോടുള്ള ബാധ്യതകൾ ലംഘിക്കപ്പെടുമ്പോൾ അവ നടപ്പിലാക്കുന്നതുമായ മറ്റൊരു വ്യക്തിയെ കാണാൻ സാധിക്കുകയില്ല. ജനങ്ങളുടെ കൂട്ടത്തിൽ കരാർ പൂർത്തീകരിക്കുന്നതിൽ ഏറ്റവും സത്യസന്ധനും, ഏറ്റവും ശരിയായ അറിവും തീരുമാനവുമുള്ളവനും, ജനങ്ങളിൽ ഏറ്റവും കൂടുതൽ ധർമത്തെ സഹായിക്കുകയും അതിനോട് പ്രതിബദ്ധത പുലർത്തുകയും, ഏറ്റവും നല്ല രൂപത്തിൽ ഔദാര്യം കാണിക്കുകയും, മുഹമ്മദ് നബി (സ്വ)യുടെ സുന്നത്തിനെ പൂർണമായ രൂപത്തിൽ പിൻപറ്റുകയും ചെയ്യുന്ന വ്യക്തിയാകുന്നു അദ്ദേഹം. നമ്മുടെ ഈ കാലഘട്ടത്തിൽ പ്രവാചകന്റെ ചര്യകളും വാക്കുകളും പ്രവർത്തനങ്ങളും ഈ വ്യക്തിയിലൂടെയല്ലാതെ തെളിഞ്ഞു





**പഴി പറഞ്ഞ് കാര്യം നേടുക എന്ന പുരോഹിത വർഗത്തിന്റെ സ്ഥിരം പണിയാണ്. തെളിവുകളെ മുൻനിർത്തി ഇബ്നു തൈമിയ്യ(റഹി) തന്റെ ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തിയ വിഷയങ്ങളെയും ചർച്ചകളെയുമാണ് 'വിഷലിപ്തം,' 'പൊള്ളത്തരങ്ങൾ' എന്നൊക്കെ മുസ്‌ലിയാർ വിശേഷിപ്പിച്ചിരിക്കുന്നത്. പ്രമാണങ്ങളിൽ അവഗാഹവും പണ്ഡിതലോകത്ത് ഉന്നതസ്ഥാനവുമുള്ള വ്യക്തിത്വത്തെ ഇങ്ങനെ അവഹേളിക്കുന്നത് അദ്ദേഹം പ്രമാണബദ്ധമായി മതം പഠിപ്പിച്ചു എന്ന കാരണത്താൽ മാത്രമാണ്. വ്യർഥവാദങ്ങൾക്ക് രൂപഭാവം നൽകപ്പെട്ട ഗ്രന്ഥങ്ങൾ മാത്രം ചുമന്ന് നടക്കുന്നവർക്ക് അകക്കാമ്പുള്ള ഗ്രന്ഥങ്ങളോട് വെറുപ്പുതോന്നുക സ്വാഭാവികം.**

കാണുന്നില്ല എന്നത് ശരിയായ ഹൃദയമുള്ളവന് മനസ്സിലാക്കാൻ സാധിക്കും. തീർച്ചയായും ഇതാകുന്നു യഥാർഥ അനുധാവനം' (അൽഉകൂദുദ്ദരിയ്യ).

അടിസ്ഥാന വിഷയങ്ങളിൽ അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാരുടെ എകോപനത്തിന് ഇമാം എതിരായിട്ടില്ലെന്നതിന് ഇതിലധികം തെളിവുകളുടെ ആവശ്യമില്ല.

മുസ്‌ലിയാർ എഴുതുന്നു: 'ഹാഫിള് ഇബ്നു ഹജർ അസ്ഖലാനി(റ) ഉദ്ധരിക്കുന്നു: സ്വഹാബീ പ്രമുഖരായ അബൂബക്കർ സിദ്ദീഖ്(റ), ഉമർ(റ), ഉസ്മാൻ(റ), അലി(റ) എന്നിവരെയൊക്കെ ഇബ്നു തൈമിയ്യ ആക്ഷേപിക്കുകയും വിമർശിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹുവിന് കാല്, മുഖം തുടങ്ങിയ ശരീഭാഗങ്ങളുണ്ടെന്ന് വാദിച്ച ഇദ്ദേഹം മുജസ്സിമാ (അല്ലാഹുവിന് അവയവങ്ങളുണ്ടെന്ന് പറയുന്ന നവീനവാദി)ണെന്ന് സമകാലിക പണ്ഡിതർ സമർഥിച്ചിരിക്കുന്നു' (പേജ് 9).

ഇബ്നു തൈമിയ്യ(റഹി)യെ എതിർത്തവരും അദ്ദേഹത്തോട് ഇടഞ്ഞുനിന്നവരും നുണ, കളവ് കെട്ടിച്ചമക്കൽ, കക്ഷിത്വം എന്നിവ കാരണമായി ഇമാമിനെതിരെ പറഞ്ഞ വിമർശനങ്ങളെ ഇബ്നു ഹജർ അസ്ഖലാനി (റഹി) തന്റെ അദ്ദുററുൽ കാമിന എന്ന ഗ്രന്ഥത്തിൽ എടുത്തുദ്ധരിച്ചതിനെയാണ് മുസ്‌ലിയാർ ഇവിടെ ദുരുപയോഗം ചെയ്തത്. പൊള്ളത്തരം പ്രചരിപ്പിക്കുന്നവർക്ക് ഇതൊരു നേരം പോക്കാണെങ്കിലും വിശ്വാസി സമൂഹത്തിനിത് വലിയ മുറിവുതന്നെയാണ്. ഇബ്നു ഹജർ അംഗീകരിക്കാത്ത കാര്യം അദ്ദേഹത്തിന്റെ പേരിൽ പ്രചരിപ്പിക്കുന്നത് കടുത്ത അന്യായമല്ലേ മുസ്‌ലിയാരേ? അദ്ദേഹം ചരിത്ര യാത്രികനായ മുഹമ്മദുബ്നു അഹ്മദുബ്നു അമീനുബ്നു മുആദിൽനിന്ന് ഉദ്ധരിച്ചതിനെ ഇമാമിന്റെ പേരിലേക്ക് ചേർത്തിപ്പറഞ്ഞ് കബളിപ്പിക്കൽ നടത്തുക

**പുരോഹിതന്മാർ ഏറ്റവും കൂടുതലായി ചോദ്യം ചെയ്യുകയും പരിഹസിക്കുകയും ചെയ്യുന്ന വിഷയമാണ് അല്ലാഹുവിന്റെ സ്വിഫത്തുകൾ. പ്രമാണങ്ങൾ എടുത്തു പറഞ്ഞ അല്ലാഹുവിന്റെ കൈ, കണ്ണ്, ഇറക്കം, അവൻ ഉപരിലോകത്താണ്... ഇതെല്ലാം കേൾക്കുന്നതുതന്നെ ഇവർക്ക് വെറുപ്പാണ്. അല്ലാഹുവിന്റെ കോപത്തിനും അതൃപ്തിക്കും കാരണമാകുന്ന പൈശാചിക പ്രവർത്തനങ്ങൾ ഒട്ടും നിലനിൽക്കുകയില്ല. അല്ലാഹു പറയുന്നു: 'പരലോകത്തിൽ വിശ്വസിക്കാത്തതാരോ അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ നാം ഭംഗിയായി തോന്നിച്ചിരിക്കുന്നു. അങ്ങനെ അവർ വിഹരിച്ചു. അവരത്രെ കഠിനശിക്ഷയുള്ളവർ. പരലോകത്താകട്ടെ അവർ തന്നെയായിരിക്കും ഏറ്റവും നഷ്ടം നേരിടുന്നവർ'** (27:4,5).

യാണ് മുസ്‌ലിയാർ ചെയ്തിരിക്കുന്നത്. മിൻഹാജുസ്സുന്ന, മജ്മൂഉൽ ഫതാവ, ലാമിയ്യ, ഹുക്വൂക്വു ആലി ബൈത്ത് ബൈനസ്സുന്ന വൽബിദ്അ തുടങ്ങി ഇബ്നു തൈമിയ്യക്ക് സ്വഹാബികളിലുള്ള വിശ്വാസവും അവരോടുള്ള സ്നേഹവും ബോധ്യപ്പെടുത്തുന്ന കനപ്പെട്ട ഗ്രന്ഥങ്ങളിൽനിന്ന് അവരെ എതിർക്കുന്ന ഒരു മുറി എടുത്തുകാണിക്കാൻ മുസ്‌ലിയാർക്ക് കഴിഞ്ഞോ?

സ്വഹാബികളെ സംബന്ധിച്ച് ഇമാമിന്റെ നിലപാടിലെ വ്യക്തത കാണുക: "പൂർവികരും പ്രവാചകന്മാർക്ക് ശേഷം ഈ സമൂഹത്തിൽ ഏറ്റവും ഉത്തമരുമായവരെ ആരാണോ പിൻപറ്റുന്നത് അവൻ അവരിൽ ഉൾപ്പെടും. നബി(സ്വ) പറഞ്ഞു: 'ഞാൻ നിയോഗിക്കപ്പെട്ട തലമുറയാണ് ഉത്തമ തലമുറ. പിന്നെ അവരെ പിൻപറ്റിയവർ. ശേഷം അവരെ തുടർന്നവർ.' അതുകൊണ്ടുതന്നെ തഫ്സീർ, ദീനിന്റെ അടിസ്ഥാന നിയമങ്ങൾ, മതപരമായ മറ്റു അറിവുകൾ, ഭൗതിക വിരക്തി, ആരാധന, സ്വഭാവശുദ്ധീകരണം, ജിഹാദ് എന്നീ മതവിഷയങ്ങളിൽ അവരുടെ വാക്കുകളും പ്രവർത്തനങ്ങളും അറിഞ്ഞിരിക്കൽ പിൽകാലക്കാരുടെ വാക്കുകളെയും പ്രവർത്തനങ്ങളെയും അറിയുന്നതിനെക്കാൾ ശ്രേഷ്ഠവും പ്രയോജനപ്രദവുമായതാണ്. കാരണം ക്വുർആനും സുന്നത്തും അറിയിക്കുന്നതുപോലെ ആദ്യകാലക്കാരാണ് ശേഷക്കാരെക്കാൾ ശ്രേഷ്ഠർ. അതുകൊണ്ടുതന്നെ അവരെ പിൻപറ്റലും, ദീനിലും അറിവിലും അവർ ഏകോപിച്ചതും അഭിപ്രായ ഭിന്നത ഉണ്ടായതുമായ കാര്യങ്ങളെ മനസ്സിലാക്കൽ പിന്നീടുണ്ടായ ഏകോപനത്തെയും ഭിന്നതത്തെയെയും അറിയുന്നതിനെക്കാൾ നല്ലതാണ്' (മജ്മൂഉൽഫതാവാ).

സമസ്തക്ക് സ്വഹാബികളോടുള്ള ആദരവിന്റെ രൂപം കൂടി നമുക്ക് വായിക്കാം: 'സ്വഹാബത്ത് മുജ്തഹിദുകളായിരുന്നുവെങ്കിലും മദ്ഹബിന്റെ ഇമാമുകളോട് എതിരായാൽ മദ്ഹബിന്റെ ഇമാമുകളെയാണ് സ്വീകരിക്കേണ്ടത്'(ഹിക്മത്ത് മാസിക).

പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാരെ കുറിച്ചെഴുതിയത് കാണുക: 'സലഫുസ്സ്വാലിഹീങ്ങളെ ഫാസിഖും മുബ്തദിഉമാക്കാൻ മതഗ്രന്ഥങ്ങളെ ദുർവ്യാഖ്യാനം നടത്തിയ വിഘടിത മുഫ്തിയുടെ ജഹാലത്ത് എത്ര ആഴമുള്ളതാണെന്ന് വായനക്കാർ മനസ്സിലാക്കിയില്ലേ? വിവരക്കേടിനു അവാർഡ് പ്രഖ്യാപിക്കുമെങ്കിൽ ഈ പേര് പരിഗണിക്കാം' (മതഗ്രന്ഥങ്ങളിലെ വിഘടിത തട്ടിപ്പുകൾ/പേജ് 9).

അല്ലാഹുവിന്റെ വിശേഷണ

ങ്ങളുടെ വിഷയത്തിൽ മുജസ്സിമ ത്തിന്റെ വാദം ഇമാം പഠിപ്പിച്ചു എന്നതാണ് മറ്റൊരു ആരോപണം. പ്രമാണങ്ങൾ പഠിപ്പിച്ച വിശേഷ ണങ്ങളെല്ലാം അവന്റെ മഹത്ത്വ ത്തിന് യോജിക്കും വിധമാണെ ന്ന വിശ്വാസമാണ് അഹ്‌ലുസ്സുന്ന വൽജമാഅയുടെത്. അല്ലാഹു വിന് രൂപഭാവം നൽകി, വിശേ ഷണങ്ങൾക്ക് വിരോധിക്കപ്പെട്ട വ്യാഖ്യാനങ്ങൾ നൽകിയവരാ ണ് മുജസ്സിമിയാക്കൾ. എന്നാൽ ഈ വിഷയത്തിൽ ശൈഖുൽ ഇസ്‌ലാമിന്റെ വിശ്വാസവും നിലപാടും വായിച്ച് പഠിക്കാത്ത തിന്റെ കുറവാണ് മുസ്‌ലിയാർ ഇവിടെയും കാണിച്ചത്. ജവാബു സ്സ്വഹീഹ്, അർരിസാലത്തു തദമു രിയ്യ, ദർഉത്തഅറുളിൽ അഖ്‌ലി വന്നഖ്‌ലി, മിൻഹാജുസ്സുന്ന, ജാമിഉൽ മസാഇൽ, അഖീദത്തുൽ വാസിത്വിയ്യ, മജ്മൂഉൽ ഫതാവ എന്നിങ്ങനെ ഈ വിഷയം ചർച്ച ചെയ്യുന്ന ഇമാമിന്റെ ഗ്രന്ഥങ്ങളിൽ നിന്ന് ഈ ആരോപണം തെളി യിക്കുന്ന എന്തെങ്കിലും ചൂണ്ടി ക്കാണിക്കാൻ മുസ്‌ലിയാർക്ക് സാധിച്ചിട്ടില്ല.

ഇബ്നു തൈമിയ്യ(റഹി)യുടെ ശത്രുക്കൾക്ക് അദ്ദേഹത്തിന്റെ പ്രാമാണിക നിലപാടുകളെ മറി കടക്കാൻ കഴിയാതായപ്പോൾ പറഞ്ഞുപരത്തിയ വ്യാജ ആരോ പണങ്ങളാണിതെല്ലാം. ഇമാമിന് അല്ലാഹുവിന്റെ വിശേഷണങ്ങ ളുടെ വിഷയത്തിലുള്ള നിലപാട് നമുക്ക് വായിക്കാം: 'അല്ലാഹുവി ലും അവന്റെ മലക്കുകളിലും പ്ര വാചകന്മാരിലും വേദഗ്രന്ഥങ്ങ ളിലും അന്ത്യനാളിലും ഗുണവും ദോഷവും അവനിൽ നിന്നാണ് എന്നുമുള്ള വിശ്വാസമാണ് അന്ത്യ നാൾവരെയുള്ള വിജയിച്ച കക്ഷി ക്ക് അഥവാ അഹ്‌ലുസ്സുന്നത്തി വൽജമാഅക്കുള്ളത്. അല്ലാഹു വിനുള്ളതായി അവൻ പറഞ്ഞ തും നബി(സ്വ) പഠിപ്പിച്ചതുമായ വിശേഷണങ്ങളെ ഉപമിക്കലും ഉദാഹരിക്കലും, നിഷേധവും വ്യാ ഖ്യാനവുമില്ലാതെ വിശ്വസിക്കലും അല്ലാഹുവിലുള്ള വിശ്വാസത്തിൽ പെട്ടതാണ്. നിശ്ചയം അല്ലാഹു: അവന് തുല്യമായി യാതൊന്നു മില്ല. അവൻ എല്ലാം കാണുന്നവ നും എല്ലാം കേൾക്കുന്നവനുമാകു ന്നു എന്നുതന്നെ വിശ്വസിക്കണം. അതിനെ നിഷേധിക്കാനോ, സ്ഥാനം തെറ്റിച്ച് പ്രയോഗിക്കാ നോ, കൃത്രിമം കാണിക്കാനോ സൃഷ്ടികളുടെ വിശേഷണങ്ങളോ ട് ഉപമിക്കാനോ, ഉദാഹരിക്കാനോ പാടില്ല. അവൻ പരിശുദ്ധനാണ്. അവന് പേരൊത്തവരോ സമമാ യവരോ തുല്യരോ ഇല്ല. അവന്റെ സൃഷ്ടികളോട് അവനെ തുലനം ചെയ്യാനും പാടില്ല' (മജ്മൂഉൽ ഫതാവാ).

പുരോഹിതന്മാർ ഏറ്റവും കൂടുതലായി ചോദ്യം ചെയ്യുക യും പരിഹസിക്കുകയും ചെയ്യു ന്ന വിഷയമാണ് അല്ലാഹുവിന്റെ സ്വിഫത്തുകൾ. പ്രമാണങ്ങൾ എടുത്തു പറഞ്ഞ അല്ലാഹുവി ന്റെ കൈ, കണ്ണ്, ഇറക്കം, അവൻ ഉപരിലോകത്താണ്... ഇതെല്ലാം കേൾക്കുന്നതുതന്നെ ഇവർക്ക് വെറുപ്പാണ്.

ഒരു മുസ്‌ലിയാർ എഴുതിയ ത് കാണുക: 'അവരുടെ വിശ്വാ സത്തിൽ അല്ലാഹു ഒരു വിഗ്രഹം പോലെയാണ്. കണ്ണും കയ്യും കാലും തുടങ്ങി അവയവങ്ങളുള്ള വനും ഭാഗങ്ങൾ ഉള്ളവനുമാണെ ന്ന് അവർ വിശ്വസിക്കുന്നു. അർശ് എന്ന സിംഹാസനത്തിൽ ഉപവിഷ്ട നാണ് അവനെന്നും അർദ്ധരാത്രി ക്ക് ശേഷം ഒന്നാനാകാശത്തേക്ക് ഇറങ്ങുകയും ശേഷം കയറിപ്പോ വുകയും ചെയ്യുമെന്നുമൊക്കെ യാണ് ഇവരുടെ വാദം' (എസ്. വൈ.എസ് അറുപതാം വാർഷി കോപഹാരം/പേജ് 48, 49).

ഈ കാര്യങ്ങളിൽ ഇവർക്ക് വേണ്ടിടത്തെല്ലാം ഇതേ അർഥം നൽകി ഇരട്ടമുഖം സ്വീകരിക്കാ നും ഇക്കൂട്ടർക്ക് മടിയില്ല.

മുസ്‌ലിയാർ പറയുന്നു: 'മുഹ മ്മദ് നബി(സ), ഇബ്‌റാഹീം(അ) അടക്കമുള്ളവരുടെ ഖബ്‌റുകൾ സിയാറത്ത് ചെയ്യാനായി യാത്ര പോകൽ ഹറാം, ആ യാത്രയിൽ നിസ്കാരം ഖസ്‌റാക്കൽ കുറ്റകരം, നരകം നശിച്ചു പോകും, ലോകം അനാദിയാണ്, നബി(സ)യുടെ ശരീരം ജീർണിച്ചു നശിച്ചിട്ടുണ്ട്, മൂന്നു ത്വലാഖ് ചൊല്ലിയാൽ ഒന്നേ പോകൂ, പ്രവാചകന്മാർ പാപസു രക്ഷിതരല്ല, നിസ്കാരം ബോധ പൂർവം ഉപേക്ഷിച്ചാൽ ഖളാഅ് വീട്ടേണ്ടതില്ല, ആർത്തവകാരി ക്ക് ത്വവാഫ് നടത്താം തുടങ്ങി നിരവധി അബദ്ധ ദർശനങ്ങൾ ഇബ്നു തൈമിയ്യ വെച്ചുപുലർ ത്തിയിരുന്നു' (പേജ് 9,10).

ഇബ്നു തൈമിയ്യ(റഹി)യെ പുത്തൻവാദിയായി മുദ്രകുത്തിയ സുബ്കി അടക്കമുള്ളവർ അദ്ദേഹ ത്തിനെതിരെ ഉന്നയിച്ച പഴകിപ്പു ളിച്ച 'കുറ്റപത്ര'ത്തിൽപെട്ടതാണി തെല്ലാം. അഹ്‌ലുസ്സുന്നയിൽ നിന്ന് അകന്ന സുബ്കിയുടെ അനുയാ യികൾക്ക് അദ്ദേഹത്തിന്റെ കൃതി കളിൽ തന്നെയാണല്ലോ അഭയം! പ്രാമാണികരും വിശ്വാസയോഗ്യരു മായ പണ്ഡിതന്മാർ ഈ നിലക്ക് ഇമാമിനെ കുറ്റപ്പെടുത്തിയതായി എവിടെയെങ്കിലുമുണ്ടോ?അർഹി ക്കുന്ന അവഗണനയാണ് പണ്ഡി തന്മാർ ഇതിന് നൽകിയിട്ടുള്ളത്. ഉസ്മാൻ(റ)വിനെ ഖിലാഫത്തിൽ നിന്നിറക്കാൻ അബ്ദുല്ലാഹിബ്നു ഉബയ്യ്ബ്നു സലൂൽ എന്ന കപടൻ പ്രചരിപ്പിച്ച ആക്ഷേപങ്ങൾക്ക് സമമാണിത്.

ഇമാമിന്റെ മേൽ മുസ്‌ലിയാർ ആരോപിച്ചതെല്ലാം കളവിനാൽ സ്ഥാപിക്കപ്പെട്ടവയാണ്. അല്ലാ ഹുവിന്റെ കോപത്തിനും അതൃപ്തി ക്കും കാരണമാകുന്ന പൈശാചിക പ്രവർത്തനങ്ങൾ ഒട്ടും നിലനിൽ ക്കുകയില്ല. അല്ലാഹു പറയുന്നു: 'പരലോകത്തിൽ വിശ്വസിക്കാ ത്തതാരോ അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ നാം ഭംഗിയായി തോന്നിച്ചിരിക്കുന്നു. അങ്ങനെ അവർ വിഹരിച്ചു. അവരത്രെ കഠിനശിക്ഷയുള്ളവർ. പരലോ കത്താകട്ടെ അവർതന്നെയായി രിക്കും ഏറ്റവും നഷ്ടം നേരിടുന്ന വർ' (27:4,5).

# ജനാധിപത്യത്തിന്റെ മരണമണി മുഴങ്ങുന്നുവോ?

**മുജീബ് ഒട്ടുമ്മൽ**
:97444 31890

**തെരഞ്ഞെടുപ്പ് പ്രചാരണവേളയിലെ പ്രസംഗ വാചകങ്ങളെ വ്യാഖ്യാനിച്ച് രാഹുൽ ഗാന്ധിക്കെതിരെ കോടതിയും അതുവഴി സ്പീക്കറും നിയമനടപടി സ്വീകരിച്ചിരിക്കുകയാണ്. നിലനിൽക്കുന്ന, ഭരണകൂട കൊള്ളരുതായ്മകൾക്കെതിരെ ശക്തിയുക്തം ശബ്ദിക്കുന്ന പ്രതിപക്ഷ നേതാക്കളെയൊന്നൊന്നായി അധികാരദണ്ഡുപയോഗിച്ച് നിശ്ശബ്ദരാക്കുന്ന ഭരണകൂട ധാർഷ്ട്യത്തിനെതിരെ പ്രതികരിച്ചേ മതിയാവൂ. ജാതി, മത, കക്ഷി വ്യത്യാസമില്ലാതെ എല്ലാവരുടെയും ശക്തമായ പ്രതികരണങ്ങളിലൂടെ മാത്രമെ ഇന്ത്യയുടെ അടിത്തറയായ ജനാധിപത്യത്തെ സംരക്ഷിക്കുവാൻ കഴിയുകയുള്ളൂ.**

***നീരവ് മോഡിയോ ലളിത് മോഡിയോ നരേന്ദ്ര മോഡിയോ ആകട്ടെ, എന്താണ് എല്ലാ കള്ളൻമാരുടേയും പേരിൽ മോഡിയുള്ളത്...? ഇനിയും തിരഞ്ഞാൽ കൂടുതൽ മോഡിമാർ പുറത്ത് വരും***

2019 ഏപ്രിൽ 13ന് കർണാടകയിലെ കോലാറിൽ പൊതുതെരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ നടത്തിയ രാഹുൽ ഗാന്ധി എംപിയുടെ പ്രസംഗത്തിലെ പരാമർശമാണിത്. ബിജെപിയുടെ സൂറത്ത് വെസ്റ്റ് എം എൽഎ പൂർണേഷ് മോദി ഈ പരാമർശത്തിനെതിരെ നൽകിയ പരാതിയിൽ സൂറത്ത് സിജെഎം കോടതി കേസെടുത്തു രണ്ട് വർഷം തടവുശിക്ഷ വിധിക്കുകയുണ്ടായി. മോദിസമുദായത്തെ ഒന്നടങ്കം അപകീർത്തിപ്പെടുത്തുന്ന വാചകങ്ങളാണ് രാഹുൽ ഗാന്ധിയിൽ നിന്നുണ്ടായതെന്ന് പരാതിയിൽ അയാൾ ആരോപിച്ചു. വാക്കാലോ രേഖാമൂലമോ ഉള്ള അപകീർത്തിപ്പെടുത്തൽ ക്രിമിനൽ കുറ്റമാക്കുന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിന്റ 499,500 വകുപ്പുകൾ പ്രകാരമാണ് വിധി. പ്രതിഭാഗത്തിന്റ അപേക്ഷ പരിഗണിച്ച് ശിക്ഷ 30 ദിവസത്തേക്ക് മരവിപ്പിക്കുകയും 10000 രൂപയുടെ ബോണ്ടിൽ ജാമ്യം അനുവദിക്കുകയും ചെയ്തു. കോടതി വിധിയുടെ പശ്ചാതലത്തിൽ ലോകസഭാ സെക്രട്ടറിയേറ്റ് രാഹുൽ ഗാന്ധിയെ എംപി സ്ഥാനത്തു നിന്ന് അയോഗ്യനാക്കാൻ അസാമാന്യ തിടുക്കം കാണിച്ചതിലൂടെ സംഘപരിവാര രാഷ്ട്രീയത്തിന്റ കുതന്ത്രം വ്യക്തമാകുകയുണ്ടായി.



സൂറത്ത് കോടതിവിധി റദ്ദാക്കാതെ വന്നാൽ അടുത്ത ആറ് വർഷത്തേക്ക് തെരഞ്ഞെടുപ്പിൽ മൽസരിക്കാനുള്ള യോഗ്യത നഷ്ടപ്പെടുന്നതിലൂടെ പ്രതിപക്ഷത്തെ നിശ്ശബ്ദമാക്കാനും ജനാധിപത്യ മൂല്യങ്ങളെ നിരാകരിക്കാനും സാധിക്കുമെന്ന് അവർ കണക്കുകൂട്ടുന്നു.

പാർലമെന്റിൽ രാഹുൽ ഗാന്ധിയുടെ ശബ്ദം സർക്കാരിനെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെന്നതിന് തെളിവാണ് ഇത്തരം നടപടികൾ. എതിർക്കുന്നവരെ നിശ്ശബ്ദരാക്കാനുള്ള തുറുപ്പ് ചീട്ടുകളായി കേന്ദ്ര ഏജൻസികളെ ബിജെപി ദുരുപയോഗം ചെയ്യുകയാണിവിടെ. നിസ്സാരമായ സംഭവങ്ങളുടെ പേരിൽ ദിവസങ്ങളോളം ഇ.ഡിക്ക് മുന്നിൽ ചോദ്യം ചെയ്യുകയും രാഷ്ട്രീയ ഭീഷണികൾ നിരന്തരമായി നടത്തുകയും കോടതിയെ കാണിച്ച് ഭയപ്പെടുത്തുകയും ചെയ്തുകൊണ്ടെല്ലാം രാഹുലിന്റെ ശബ്ദങ്ങളെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ സർക്കാർ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. കന്യാകുമാരി മുതൽ കാശ്മീർ വരെ നടത്തിയ ഐതിഹാസികമായ ജോഡോ യാത്രയുടെ ഫലങ്ങൾ രാജ്യത്തുണ്ടാക്കാൻ പോകുന്ന പരിവർത്തനത്തെയാണിവർ ഭയപ്പെടുന്നത്. ഇല്ലായ്മയുടെ നെരിപ്പോടിൽ കഴിഞ്ഞ് കുടുന്നവരുടെ വേദനകളെ നെഞ്ചിലേറ്റി രാജ്യം മുഴുവനും നടന്നുനീങ്ങുമ്പോൾ സിംഹാസനങ്ങൾ വിറകൊള്ളുന്നുണ്ടെന്നതിന്റെ സൂചനയാണ് ഈ പ്രതികാര നടപടികളെല്ലാം.

**രാഹുൽ ഗാന്ധിയുടെ ചോദ്യങ്ങൾ**

രാജ്യം വലിയ പ്രതിസന്ധികളാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. നോട്ട് നിരോധനത്തിലൂടെ സാമ്പത്തിക പ്രതിസന്ധിക്ക് രാജ്യം സാക്ഷിയാ

**പാർലമെന്റിൽ രാഹുൽ ഗാന്ധിയുടെ ശബ്ദം സർക്കാരിനെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെന്നതിന് തെളിവാണ് ഇത്തരം നടപടികൾ. എതിർക്കുന്നവരെ നിശ്ശബ്ദരാക്കാനുള്ള തുറുപ്പ് ചീട്ടുകളായി കേന്ദ്ര ഏജൻസികളെ ബിജെപി ദുരുപയോഗം ചെയ്യുകയാണിവിടെ. നിസ്സാരമായ സംഭവങ്ങളുടെ പേരിൽ ദിവസങ്ങളോളം ഇ.ഡിക്ക് മുന്നിൽ ചോദ്യം ചെയ്യുകയും രാഷ്ട്രീയ ഭീഷണികൾ നിരന്തരമായി നടത്തുകയും കോടതിയെ കാണിച്ച് ഭയപ്പെടുത്തുകയും ചെയ്തുകൊണ്ടെല്ലാം രാഹുലിന്റെ ശബ്ദങ്ങളെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ സർക്കാർ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. കന്യാകുമാരി മുതൽ കാശ്മീർവരെ നടത്തിയ ഐതിഹാസികമായ ജോഡോ യാത്രയുടെ ഫലങ്ങൾ രാജ്യത്തുണ്ടാക്കാൻ പോകുന്ന പരിവർത്തനത്തെയാണിവർ ഭയപ്പെടുന്നത്.**

**പുനരധിവാസ പദ്ധതികളും തൊഴിലവസരങ്ങളും പ്രതീക്ഷിച്ച ഇന്ത്യൻ ജനതയിലേക്ക് വർഗീയതയും വിദ്വേഷവും പ്രചരിപ്പിക്കാനാണ് ശ്രമമുണ്ടായത്. അതിലൂടെ പരസ്പരം വെറുപ്പും ശത്രുതയും വളർന്നു. രാജ്യത്തിന്റ ദയനീയാവസ്ഥയെ വിസ്മരിച്ചുകൊണ്ട് സമൂഹത്തിൽ അക്രമങ്ങളഴിച്ച് വിട്ടുകൊണ്ടിരുന്നു. രാജ്യം അനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധിയും അധികാരികളുടെ സുഖലോലുപതയും ചർച്ച ചെയ്യുന്നതിനെ ഭരണകൂടം ഭയക്കുന്നുവെന്നതാണ് സമകാലിക പ്രതികാര രാഷ്ട്രീയത്തിന്റ കാതൽ.**

യി. തൊഴിലില്ലായ്മയും ദാരിദ്ര്യവും വർധിച്ച് വരുന്നു. കോവിഡാനന്തരം അതിസമ്പന്നരുടെ സാമ്പത്തികനില ഉയരുകയും ഇടത്തരക്കാരും പാവപ്പെട്ടവരും കൂടുതൽ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തുകയും ചെയ്തു. പുനരധിവാസ പദ്ധതികളും തൊഴിലവസരങ്ങളും പ്രതീക്ഷിച്ച ഇന്ത്യൻ ജനതയിലേക്ക് വർഗീയതയും വിദ്വേഷവും പ്രചരിപ്പിക്കാനാണ് ശ്രമമുണ്ടായത്. അതിലൂടെ പരസ്പരം വെറുപ്പും ശത്രുതയും വളർന്നു. രാജ്യത്തിന്റ ദയനീയാവസ്ഥയെ വിസ്മരിച്ചുകൊണ്ട് സമൂഹത്തിൽ അക്രമങ്ങളഴിച്ച് വിട്ടുകൊണ്ടിരുന്നു. രാജ്യം അനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധിയും അധികാരികളുടെ സുഖലോലുപതയും ചർച്ച ചെയ്യുന്നതിനെ ഭരണകൂടം ഭയക്കുന്നുവെന്നതാണ് സമകാലിക പ്രതികാര രാഷ്ട്രീയത്തിന്റ കാതൽ.

ന്യൂനപക്ഷ ഉൻമൂലം ലക്ഷ്യമാക്കിയ സംഘപരിവാര രാഷ്ട്രീയം പ്രതിപക്ഷത്തെ ഏറ്റവും വലിയ കക്ഷിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് മുക്ത ഭാരതമെന്ന അജണ്ടയുടെ പ്രചാരണത്തിന് ആസൂത്രണം ചെയ്തു. ഭരണകൂടത്തെ എതിർക്കുന്ന ശബ്ദത്തെ അടിച്ചമർത്താനായിരുന്നു അവരുടെ ശ്രമം. അതിന്റ ഭാഗമായാണ് രാഹുൽ ഗാന്ധിയെ നിരന്തരമായി വേട്ടയാടിക്കൊണ്ടിരുന്നത്. 2024ലെ പൊതുതെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ




ഏതൊരു ഇലയനക്കവും ഭീകര ശബ്ദമായി അനുഭവപ്പെടുന്നുവെന്നതാണ് രാജ്യത്തെ പ്രതിപക്ഷ നേതാവിനെതിരെയുള്ള ഭരണകൂട നീക്കം വ്യക്തമാക്കുന്നത്. രാഹുൽ ഗാന്ധിയെ വേട്ടയാടാൻ പ്രേരിപ്പിച്ച അദ്ദേഹത്തിന്റ ചില പ്രസ്താവനകളും പരാമർശങ്ങളും ശ്രദ്ധേയമാണ്. ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് സർവകലാശാലയിൽ രാഹുൽ ഗാന്ധി നടത്തിയ പ്രഭാഷണത്തിലെ 'ജനാധിപത്യം ക്രൂരമായ ആക്രമണത്തിനിരയായി' എന്ന പരാമർശമാണ് കേന്ദ്ര മന്ത്രിമാർ ഉൾപെടെയുള്ള ബിജെപി നേതാക്കളെ ചൊടിപ്പിച്ചതത്രെ! 'കോൺഗ്രസ് നേതാവ് പാർലമെന്റിന് മുകളിലല്ല' എന്ന് ശഠിച്ചുകൊണ്ട് രാഹുൽ ഗാന്ധിയോട് മാപ്പ് പറയണമെന്ന് അവർ ആവശ്യപ്പെട്ടു. 'പാർലമെന്റംഗത്തിന്റ അവഹേളനപരവും അനുചിതവുമായ പെരുമാറ്റം' എന്ന് ആരോപിച്ചുകൊണ്ട് ലോക് സഭയിലെ നടപടി ക്രമങ്ങളുടെയും പെരുമാറ്റ ചട്ടങ്ങളുടെയും ചട്ടം 223 പ്രകാരം നോട്ടീസ് നൽകുന്നതായി ലോകസഭാ സ്പീക്കർക്ക് അയച്ച കത്തിൽ ബിജെപി എംപി നിഷികാന്ത് ദുബെ പറയുകയുണ്ടായി. അദ്ദേഹത്തെ സഭയിൽനിന്ന് പുറത്താക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ജനാധിപത്യം ക്രൂരമായ ആക്രമണത്തിനിരയായി എന്ന് യുകെയിൽ പ്രഭാഷണത്തിൽ പറഞ്ഞുവെങ്കിലും അത് പരിഹരിക്കാൻ ഇന്ത്യൻ ജനതയ്ക്ക് സാധിക്കുമെന്നും അതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നുമാണ് താൻ പറഞ്ഞതെന്ന്

രാഹുൽ ഗാന്ധി വ്യക്തമാക്കുന്നുണ്ട്. വാക്കുകളെ സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റി തങ്ങൾക്ക് അനുകൂലമാക്കാനുള്ള ശ്രമമാണ് സംഘപരിവാര രാഷ്ട്രീയത്തിൽ കാണുന്നത്.

അന്താരാഷ്ട്ര പ്രശസ്തമായ സംഘടനയായ ഹിൻഡൻബർഗ് ഗവേഷണ പ്രബന്ധത്തിലെ റിപ്പോർട്ട് പ്രകാരം ഭരണകൂടത്തിന്റെ ഒത്താശയോടെ വലിയ സാമ്പത്തിക ക്രമക്കേടുകളും വഞ്ചനയും നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്. ഇത്തരം ഗൗരവമുള്ള ആരോപണത്തിന് മറുപടി പറയേണ്ട ഉത്തരവാദിത്തം പ്രധാനമന്ത്രിക്ക് ഉണ്ടായിരിക്കെ രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദിപ്രകടനത്തിന് മറുപടി പറയുമ്പോൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇതിനെക്കുറിച്ച് മൗനം പാലിക്കുകയും തന്റെ നേട്ടങ്ങൾ ഉയർത്തിക്കാട്ടുകയും ചെയ്തുകൊണ്ടാണ് പ്രസംഗിച്ചതെന്നതും ആരോപണം ശരിവെക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ പ്രധാനമന്ത്രിയെ പ്രതിക്കൂട്ടിലാക്കുന്ന ചോദ്യവ്യമായി രാഹുൽ ഗാന്ധി രംഗപ്രവേശം ചെയ്യുന്നത് സ്വാഭാവികമാണ്. രാജ്യത്തെ ജനങ്ങൾക്ക് വലിയ ആശങ്കയുണ്ടാക്കുന്ന യഥാർഥ പ്രതിഭാസം എന്താണെന്നറിയാനുള്ള ആഗ്രഹം സ്വാഭാവികമാണ്. കാരണം ആഗോളവത്കരിക്കപ്പെട്ട ലോകത്തെ കുറിച്ച് സംസാരിക്കുമ്പോൾ രാജ്യത്തെ ദീർഘകാല മുതലാളിയുടെ സാമ്പത്തിക ഇടപാടുകളുടെ ക്രമക്കേടുകളുടെ ഉത്തരവാദിത്തത്തിൽ ട്നിന്ന് ഒഴിഞ്ഞ് മാറാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും വ്യവസായി സുഹൃത്ത് ഗൗതം അദാനിയുമായുള്ള വഴിവിട്ടബന്ധം പാർലമെൻറിൽ തുറന്നുകാട്ടി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി സംസാരിക്കുകയുണ്ടായി. സർക്കാർ ഒത്താശയില്ലാതെ ഒരു വ്യവസായിക്ക് ചുരുങ്ങിയ കാലംകൊണ്ട് ലോകത്ത് രണ്ടാമത്തെ അതിസമ്പന്നനായി അപാരവളർച്ച നേടാനാവില്ല. പ്രധാനമന്ത്രിക്ക് അദ്ദേഹവുമായുള്ള ബന്ധം എന്താണെന്ന് രാജ്യം അറിയേണ്ടതുണ്ട് എന്ന് അദ്ദേഹം തുടർന്ന് പറഞ്ഞു. ഭരണാധികാരികളുടെ ഇടപാടുകളിലും വ്യവഹാരങ്ങളിലും സംശയമുണ്ടാകുമ്പോൾ ജനാധിപത്യ രാജ്യമെന്ന നിലയ്ക്ക് അതേക്കുറിച്ച് ചോദിക്കാൻ ഓരോ പൗരനും അവകാശമുണ്ട്. പ്രത്യേകിച്ച് ജനപ്രതിനിധിയായി പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരംഗമെന്ന നിലയിൽ അതിന്റെ ഉത്തരവാദിത്തം പതിന്മടങ്ങ് വർധിക്കുന്നുണ്ട്. അത്തരം ഒരു ബാധ്യതയാണ് രാഹുൽ ഗാന്ധി നിർവഹിച്ചതെന്ന് പറയാതിരിക്കാനാവില്ല.

*അദ്ദേഹത്തിന്റ പ്രസക്തമായ ചോദ്യങ്ങൾ ഇങ്ങനെയാണ്:*

1) ഗൗതം അദാനിയെ കൂട്ടി പ്രധാനമന്ത്രി നരേന്ദ്ര മോദി എത്ര തവണ വിദേശയാത്ര നടത്തി? എത്രതവണ അദാനി പിന്നാലെ എത്തി? മോദി സന്ദർശിച്ചുമടങ്ങിയ രാജ്യത്തേക്ക് പിന്നാലെ അദാനി പോയത് എത്ര തവണ? മോദിയുടെ സന്ദർശനശേഷം ഓരോ രാജ്യത്തുനിന്നും അദാനി എത്ര കരാറുകൾ നേടി?

2) കഴിഞ്ഞ 20 വർഷത്തിനിടയിൽ അദാനി എത്ര പണം ബിജെപിക്ക് ഇലക്ടറൽ ബോണ്ടായും മറ്റും നൽകി?

3) തുടങ്ങിവെക്കുന്ന ഒരു സംരംഭത്തിൽപോലും തോൽക്കാതെ എല്ലാം വെട്ടിപ്പിടിക്കാൻ ഒരു വ്യവസായിക്ക് എങ്ങനെ കഴിയുന്നു?

*രാഹുൽ ചൂണ്ടിക്കാട്ടിയ പ്രധാന വിഷയങ്ങൾ*

മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്ത് തുടങ്ങിയതാണ് അദാനിബന്ധം. ഗുജറാത്ത് പുനരുദ്ധാന പരിപാടി പ്രഖ്യാപിച്ച മോദിക്ക് ഉറച്ച പിന്തുണ നൽകി വിശ്വസ്തവിധേയനായി അദാനി പിന്നിൽ നിന്നു. പിന്നീടങ്ങോട്ട് അദാനി വലിയ വ്യവസായവളർച്ച നേടുന്നതാണ് കണ്ടത്. 2014ൽ മോദി പ്രധാനമന്ത്രിയായതുതൊട്ടാണ് യഥാർഥ മാജിക്. ആഗോളവ്യവസായികളുടെ പട്ടികയിൽ 609ാം സ്ഥാനത്തു നിന്ന അദാനി എട്ടു വർഷംകൊണ്ട് രണ്ടാം

**പ്രധാനമന്ത്രി നരേന്ദ്ര മോദിയും വ്യവസായി സുഹൃത്ത് ഗൗതം അദാനിയുമായുള്ള വഴിവിട്ടബന്ധം പാർലമെൻറിൽ തുറന്നുകാട്ടി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി സംസാരിക്കുകയുണ്ടായി. സർക്കാർ ഒത്താശയില്ലാതെ ഒരു വ്യവസായിക്ക് ചുരുങ്ങിയ കാലംകൊണ്ട് ലോകത്ത് രണ്ടാമത്തെ അതിസമ്പന്നനായി അപാരവളർച്ച നേടാനാവില്ല. പ്രധാനമന്ത്രിക്ക് അദ്ദേഹവുമായുള്ള ബന്ധം എന്താണെന്ന് രാജ്യം അറിയേണ്ടതുണ്ട് എന്ന് അദ്ദേഹം തുടർന്ന് പറഞ്ഞു. ഭരണാധികാരികളുടെ ഇടപാടുകളിലും വ്യവഹാരങ്ങളിലും സംശയമുണ്ടാകുമ്പോൾ ജനാധിപത്യ രാജ്യമെന്ന നിലയ്ക്ക് അതേക്കുറിച്ച് ചോദിക്കാൻ ഓരോ പൗരനും അവകാശമുണ്ട്. പ്രത്യേകിച്ച് ജനപ്രതിനിധിയായി പാർലമെന്റിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട ഒരംഗമെന്ന നിലയിൽ അതിന്റെ ഉത്തരവാദിത്തം പതിൻക്മടങ്ങ് വർധിക്കുന്നുണ്ട്. അത്തരം ഒരു ബാധ്യതയാണ് രാഹുൽ ഗാന്ധി നിർവഹിച്ചതെന്ന് പറയാതിരിക്കാനാവില്ല.**

**പൊതുമേഖല സ്ഥാപനങ്ങൾ അദാനിയെ കൈയയച്ച് സഹായിക്കുന്നു. അദാനിയേയും കൂട്ടി മോദി ആസ്ട്രേലിയയിൽ പോയിവന്നശേഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 100 കോടി ഡോളറിന്റെ വായ്പയാണ് അദാനിക്ക് നൽകിയത്. നിക്ഷേപകരുടെ സഹസ്ര കോടികൾ എൽഐസി അദാനിക്കമ്പനികളിൽ നിക്ഷേപിക്കുന്നു. ബാങ്ക് ഓഫ് ബറോഡ തുടങ്ങി നിരവധി ബാങ്കുകൾ അദാനിക്കമ്പനികൾക്ക് നിർലോഭം വായ്പ നൽകുന്നു. ഗ്രീൻ ഹൈഡ്രജൻറയും മറ്റും പേരിലുള്ള പുതിയ ബജറ്റ് നിർദേശങ്ങളുടെ പ്രധാന ഗുണഭോക്താവ് അദാനിയാണ്.**

സ്ഥാനത്തേക്ക് കുതിച്ചുകയറി. 2014നും 2022നുമിടയിലെ ചുരുങ്ങിയ കാലംകൊണ്ട് അദാനിയുടെ ആസ്തി 800 കോടി ഡോളറിൽ നിന്ന് 14,000 കോടി ഡോളറായി പെരുകി.

അദാനിക്ക് വളർച്ചയും ലാഭവും നേടാൻ സർക്കാർ നയങ്ങളും ചട്ടങ്ങളും പൊളിച്ചെഴുതി. വൈദഗ്ധ്യമുള്ള കമ്പനികൾക്കല്ലാതെ വിമാനത്താവള നടത്തിപ്പ് നൽകില്ലെന്ന ചട്ടം അദാനിക്കുവേണ്ടി തിരുത്തി. ഈ രംഗത്ത് ഒരു പരിചയവും അവകാശപ്പെടാൻ കഴിയാത്ത അദാനിയുടെ പക്കലാണ് ഇന്ന് ലാഭകരമായ നിരവധി വിമാനത്താവളങ്ങൾ. മുംബൈ വിമാനത്താവളം തട്ടിയെടുത്തത് കേന്ദ്ര അന്വേഷണ ഏജൻസികളെ ദുരുപയോഗിച്ചാണ്. വിമാനനിരക്കുകളിൽനിന്ന് 31 ശതമാനം വരുമാനവും അദാനിക്ക് കിട്ടുന്നതാണ് ഇപ്പോഴത്തെ സാഹചര്യം.

പ്രതിരോധരംഗത്ത് അദാനി ആരുമായിരുന്നില്ല. വൈദഗ്ധ്യവും ഇല്ല. എന്നാൽ, പൊതുമേഖല സ്ഥാപനമായ ഹിന്ദുസ്ഥാൻ ഏറോനോട്ടിക്സിനെയും പിന്തള്ളി സേനക്കുവേണ്ട ഡ്രോണുകൾ നിർമിക്കാനുള്ള കരാർ ഇപ്പോൾ അദാനിക്കാണ്. മോദി ഒരുവട്ടം ഇസ്രായേലിൽ പോയിവന്നശേഷം അവിടത്തെ വിമാനത്താവളങ്ങളുടെ വിപണിവിഹിതത്തിൽ 30 ശതമാനവും അദാനിക്കായി.

വിദേശ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം അദാനിയുടെ വളർച്ചക്ക് ദുരുപയോഗിക്കുന്നു. ഇത് നമ്മുടെ വിദേശനയത്തിന് വിരുദ്ധമാണ്. ഇന്ത്യ-ബംഗ്ലാദേശ് വൈദ്യുതിവിതരണ കരാർ അദാനിക്കാണ്. കാറ്റിൽനിന്ന് വൈദ്യുതിയുണ്ടാക്കുന്ന പദ്ധതി അദാനിക്ക് നൽകാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി സമ്മർദം ചെലുത്തിയെന്നാണ് ശ്രീലങ്കയിൽനിന്ന് ഉയർന്ന ആരോപണം.

പൊതുമേഖല സ്ഥാപനങ്ങൾ അദാനിയെ കൈയയച്ച് സഹായിക്കുന്നു. അദാനിയേയും കൂട്ടി മോദി ആസ്ട്രേലിയയിൽ പോയിവന്നശേഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 100 കോടി ഡോളറിന്റെ വായ്പയാണ് അദാനിക്ക് നൽകിയത്. നിക്ഷേപകരുടെ സഹസ്ര കോടികൾ എൽഐസി അദാനിക്കമ്പനികളിൽ നിക്ഷേപിക്കുന്നു. ബാങ്ക് ഓഫ് ബറോഡ തുടങ്ങി നിരവധി ബാങ്കുകൾ അദാനിക്കമ്പനികൾക്ക് നിർലോഭം വായ്പ നൽകുന്നു. ഗ്രീൻ ഹൈഡ്രജൻറയും മറ്റും പേരിലുള്ള പുതിയ ബജറ്റ് നിർദേശങ്ങളുടെ പ്രധാന ഗുണഭോക്താവ് അദാനിയാണ്.

ഷെൽ കമ്പനികളിലൂടെ അദാനി കമ്പനികളിലേക്ക് പണമെത്തുന്നത് ഹിൻഡൻബർഗ് റിപ്പോർട്ടിനു ശേഷവും അന്വേഷിക്കുന്നില്ല. മൊറീഷ്യസിൽനിന്നും മറ്റുമായി അദാനി കമ്പനികളിലേക്ക് ഒഴുകുന്ന നിക്ഷേപം ആരുടെ പണമാണെന്ന് സർക്കാർ അന്വേഷിക്കുന്നില്ല. ദേശസുരക്ഷ വിഷയമുള്ള തന്ത്രപ്രധാന മേഖലകളിൽ അടക്കം വലവിരിച്ച അദാനി കമ്പനികളിലേക്ക് പുറത്തുനിന്ന് എങ്ങനെ പണം വരുന്നു, ആരുടെ പണമാണ് എന്ന് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്, സിബിഐ തുടങ്ങിയ അന്വേഷണ ഏജൻസികൾ അന്വേഷിക്കുന്നില്ല.

അദാനിയുടെ പേരിലുള്ള വ്യാജ കമ്പനിയിലേക്ക് 20,000 കോടി രൂപ നിക്ഷേപിച്ചതാരാണെന്ന രാഹുൽ ഗാന്ധിയുടെ ചോദ്യം പ്രസക്തമാണ്: 'അടിസ്ഥാന സൗകര്യ ബിസിനസ് മേഖലയിൽ പ്രവർത്തിക്കുന്ന അദാനിക്ക് പണമായി ഇത്രയും തുക കണ്ടെത്താനാകില്ല. പ്രതിരോധ മേഖലയിലെ കമ്പനികളാണിവ. അതിലൊരു ചൈനീസ് പൗരനുമുണ്ട്. അദ്ദേഹം ആരാണെന്ന് ആരും ചോദിക്കാത്തതെന്താണ്? പ്രതിരോധ മന്ത്രാലയം ഇതേക്കുറിച്ച് എന്തുകൊണ്ട് അന്വേഷിക്കുന്നില്ല?'

'രാജ്യത്തെ ജനാധിപത്യത്തിനു നേർക്കുള്ള ആക്രമണങ്ങളുടെ അടിസ്ഥാനം മോദി-അദാനി ബന്ധമാണ്. ഇതേക്കുറിച്ചുള്ള എന്റെ പാർലമെന്റ് പ്രസംഗം സഭാ

രേഖകളിൽനിന്നു നീക്കം ചെയ്തു. അഴിമതിക്കാരനായ അദാനിയെ മോദി എന്തിനാണു സംരക്ഷി ക്കുന്നതെന്ന ചോദ്യം ഇപ്പോൾ ജനങ്ങളുടെ മനസ്സിലുമുണ്ട്. അദാനിക്കെതിരായ ആക്രമണം ഇന്ത്യയ്ക്കെതിരായ ആക്രമണ മാണെന്നു ബിജെപി പറയുന്നു. ഈ സർക്കാരിനു രാജ്യമെന്നാൽ അദാനിയാണ്, അദാനിയെന്നാൽ രാജ്യവും. അയോഗ്യനാക്കിയും ജയിലിലടച്ചും എന്നെ നിശ്ശബ്ദനാ ക്കാമെന്ന് അവർ കരുതി. അവർ ക്കെന്നെ ശരിക്കറിയില്ല. ഏഴോ പത്തോ വർഷം ജയിലിലടച്ചാലും പ്രശ്നമില്ല...' എന്നിങ്ങനെയുള്ള രാഹുൽ ഗാന്ധിയുടെ ചോദ്യങ്ങ ളും പ്രസ്താവനകളും ഭരണകൂടത്തി നെതിരെയുള്ള ഇടിമുഴക്കമായി അവശേഷിക്കുന്നുവെന്നതാണ് സത്യം. അതിനെ മറച്ചുപിടിക്കാ നുള്ള ശ്രമമാണ് ശിക്ഷാവിധികളിറ ക്കിയും പാർലമെന്റ് അംഗത്വത്തിന് അയോഗ്യത കൽപിച്ചും പ്രതികാ രം തീർക്കുന്നതെന്ന് ആർക്കാണ റിഞ്ഞു കൂടാത്തത്.


**പരാമർശങ്ങളിൽ അപകടമുണ്ടെങ്കിൽ ഇവരോ?**

രാഹുൽഗാന്ധിയുടെ പ്രഭാഷ ണത്തിലെ പരാമർശങ്ങൾ കാര ണത്തോലാണല്ലോ അദ്ദേഹത്തെ അയോഗ്യനാക്കും വിധമുള്ള ശിക്ഷാവിധി വന്നിരിക്കുന്നത്. സംഘപരിവാര രാഷ്ട്രീയത്തിന്റ പ്രാരംഭം മുതലേ എഴുത്തിലും പ്രസംഗത്തിലും വിവാദ പ്രസ്താ വനകളും വിദ്വേഷ പ്രചാരണ ങ്ങളും ധാരാളമായി കാണാം. ഗോൾവാൾക്കറിന്റ വിചാരധാര വിഷലിപ്തമായ തൂലികക്ക് ഒരു ഉദാഹരണമാണ്. ഭാരതാംബയു ടെ കണ്ണിലെ കരടാണ് മുസ്‌ലിം കളെന്ന് അയാൾ പ്രസ്താവിക്കുന്നു ണ്ട്. ഒരു സമുദായത്തെ ഒന്നടങ്കം പ്രസ്താവനകളിലൂടെ അവഹേളി ക്കുന്ന ധാരാളം രംഗങ്ങളുണ്ട്.

വർഗീയ ലഹളക്ക് നിദാനമാ കും വിധമുള്ള പരാമർശങ്ങൾ സംഘപരിവാര രാഷ്ട്രീയങ്ങളി ലാണ് ഏറെയും നമുക്ക് കാണാ നാക്കുക. 1942 മെയ് മാസം മൂന്നാം തീയതി ഗുരുജി മാധവ സദാശിവ ഗോൾവാൾക്കർ ഒരു പരിശീലന ക്യാമ്പിൽ വെച്ച് ചെയ്ത പ്രസംഗം ബ്രിട്ടീഷ് സിഐഡി റിപ്പോർട്ടി ലുണ്ട്. സംഘത്തിന്റ ലക്ഷ്യമാ യി അദ്ദേഹം പറഞ്ഞത് ഇങ്ങനെ യാണ്: ഈ സംഘം ആരംഭിച്ചത് മുസ്‌ലിം തീവ്രവാദത്തെ ചെറു ക്കുന്നതിന് മാത്രമല്ല, പ്രസ്തുത രോഗത്തെ പൂർണമായും ഇല്ലാതാ ക്കുന്നതിന് വേണ്ടിയത്രെ! മുസ്‌ലിം കളെ പൂർണമായും വേരോടെ നശിപ്പിക്കുകയാണ് സംഘത്തി ന്റ ആത്യന്തിക ലക്ഷ്യമെന്നർഥം.

1979 ഏപ്രിൽ പതിനൊന്നിന് ജാംഷെഡ്പൂരിൽ നടന്ന കലാ പത്തെ കുറിച്ച് അന്വേഷിച്ച ജസ്റ്റി സ് ജിതേന്ദ്ര നാരായൺ കമ്മീ ഷൻ ആർഎസ്എസ്, ജനസംഘം, ഭാരതീയ മസ്ദൂർ സംഘം എന്നിവ യെ പ്രസ്തുത കലാപത്തിനുത്തരവാ ദികളായി എടുത്ത് പറഞ്ഞിട്ടുണ്ട്. ആർഎസ്എസ് സർസംഘ് ചാലക് ബാബാ സാഹബ് ദേവരസിന്റ പ്ര സംഗമാണ് 1982 സെപ്തംബറിൽ മീററ്റിൽ നടന്ന കലാപങ്ങൾക്ക് വഴിമരുന്നിട്ടത്. അയോധ്യയിലെ കർസേവയോടനുബന്ധിച്ച് രാജ്യ ത്തിന്റ വിവിധ ഭാഗങ്ങളിൽ പൊട്ടി

**2014മുതൽ 2019വരെയുള്ള കാലയളവിൽ രാഷ്ട്രീയ നേതാക്കളുടെ വിദ്വേഷ പ്രസംഗങ്ങൾ മുൻകാലത്തെ അപേക്ഷിച്ച് വളരെയധികം വർധിച്ചതായി പ്രമുഖ എൻജിഒയായ ആക്ട് നൗ ഫോർ ഹാർമണി ആൻഡ് ഡമോക്രസി (എ.എൻ. എച്ച്.എ.ഡി) പ്രസിദ്ധീകരിച്ച കണക്കുകൾ പറയുന്നു. തെരഞ്ഞെടുപ്പിൽ വെറുപ്പ് പടർത്തി നേട്ടമുണ്ടാക്കുന്നവരെ കർശനമായി നേരിടാൻ ഉത്തരവാദപ്പെട്ട തെരഞ്ഞെടുപ്പ് കമ്മിഷൻ പലപ്പോഴും മൗനം പാലിക്കുന്നതായാണ് കാണാനാകുന്നത്. പല്ലും നഖവും കൊഴിഞ്ഞ് അധികാരം ഉപേക്ഷിച്ചിരിക്കുകയാണോ എന്ന് ഈയിടെ കമ്മിഷനോടു ചോദിച്ചത് സുപ്രീം കോടതിയായിരുന്നു**



**പൂർണമായ കോർപറേറ്റ് വൽകരണം ഉദ്ദേശിച്ചുള്ള നവസാമ്പത്തിക നയങ്ങളിലൂടെയാണ് ഇന്ത്യൻ ഭരണകൂടം അധികാരത്തെ ഉറപ്പിച്ച് നിർത്തുന്നത്. പൗരാവകാശങ്ങളെ പൂർണമായും നിരാകരിക്കുന്ന നിയമനിർമാണവും നിലവിലുള്ള നിയമങ്ങളെ അതിനനുസൃതമായി പരിഷ്കരിക്കുകയും ചെയ്യുന്ന രാഷ്ട്രീയ തന്ത്രവുമാണ് സംഘപരിവാർ പ്രയോഗിക്കുന്നത്. നട്ടാൽ മുളക്കാത്ത പെരുംനുണകൾ പടച്ച് വിട്ടുകൊണ്ട് ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കുന്ന രീതിയാണിവർ പ്രയോഗിക്കുന്നത്.**

പ്പുറപ്പെട്ട കലാപങ്ങളിൽ സംഘപരിവാരങ്ങളുടെ പങ്ക് അനിഷേധ്യവുമാണ്.

2019ലാണ് ഉത്തർപ്രദേശിലെ രാംകോലയിലുള്ള മഹിളാ മോർച്ച നേതാവായ സുനിതാ സിംഗ് ഗൗറ ഹിന്ദു പുരുഷൻമാർ മുസ്ലിം സ്ത്രീകളെ തെരുവിൽ പിടിച്ച് നിറുത്തി ബലാൽസംഗം ചെയ്ത് കെട്ടിത്തൂക്കണമെന്ന് സമൂഹ മാധ്യമത്തിലൂടെ പ്രചരിപ്പിച്ചത്. ആന ചെരിഞ്ഞതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ മുഴുവൻ ആളുകളെയും അധിക്ഷേപിക്കുന്നവിധം മേനകാ ഗാന്ധി ട്വീറ്റ് ചെയ്തത് ആരും മറക്കാനിടയില്ല. കൊറോണ വ്യാപനത്തോടനുബന്ധിച്ച് മുസ്ലിംകളെ പ്രതിക്കൂട്ടിൽ നിറുത്തി പ്രസ്താവനയിറക്കിയ അർണബ് ഗോസ്വാമിയും വസിക്കുന്നത് ഇന്ത്യയിൽതന്നെയാണ്.

2014മുതൽ 2019വരെയുള്ള കാലയളവിൽ രാഷ്ട്രീയ നേതാക്കളുടെ വിദ്വേഷ പ്രസംഗങ്ങൾ മുൻകാലത്തെ അപേക്ഷിച്ച് വളരെയധികം വർധിച്ചതായി പ്രമുഖ എൻജിഒയായ ആക്ട് നൗ ഫോർ ഹാർമണി ആൻഡ് ഡമോക്രസി (എ.എൻ.എച്ച്.എ.ഡി) പ്രസിദ്ധീകരിച്ച കണക്കുകൾ പറയുന്നു. തെരഞ്ഞെടുപ്പിൽ വെറുപ്പ് പടർത്തി നേട്ടമുണ്ടാക്കുന്നവരെ കർശനമായി നേരിടാൻ ഉത്തരവാദപ്പെട്ട തെരഞ്ഞെടുപ്പ് കമ്മിഷൻ പലപ്പോഴും മൗനം പാലിക്കുന്നതായാണ് കാണാനാകുന്നത്. പല്ലും നഖവും കൊഴിഞ്ഞ് അധികാരം ഉപേക്ഷിച്ചിരിക്കുകയാണോ എന്ന് ഈയിടെ കമ്മിഷനോടു ചോദിച്ചത് സുപ്രീം കോടതിയായിരുന്നു.

ഭരണ വൈകല്യങ്ങളിൽ നിന്നും ഗുരുതര സ്വഭാവമുള്ള ജനകീയ വിഷയങ്ങളിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടാൻ എളുപ്പമാണെന്നുള്ളതിനാൽ ഭരണകേന്ദ്രങ്ങളിലുള്ളവർ വർഗീയ ധ്രുവീകരണ പ്രയോഗങ്ങളുമായി നേരിട്ടിറങ്ങുന്നത് പതിവു കാഴ്ചയായിരിക്കുന്നു. രാജ്യം നേരിടുന്ന ഗുരുതര പ്രതിസന്ധികളായ വിലക്കയറ്റം, പണപ്പെരുപ്പം, തൊഴിലില്ലായ്മ, പട്ടിണി, ഇന്ധന വിലവർധന, അതിർത്തി പ്രശ്നം തുടങ്ങിയവയെല്ലാം മൂടിവച്ച് ഹിന്ദു, മുസ്ലിം എന്നുരുവിട്ട് ഭിന്നതയുണ്ടാക്കുന്ന പുതിയകാല മാധ്യമങ്ങളെ ഭാരത് ജോഡോ യാത്രക്കിടയില് രാഹുൽ ഗാന്ധി വിമർശിച്ചിരുന്നു.

ഡൽഹി കലാപത്തെ തുടർന്ന് ബിജെപി നേതാക്കളായ കപിൽ മിശ്രക്കും പർവേശ് വർമ്മക്കുമെതിരെ വിദ്വേഷ പ്രസംഗം മുൻനിർത്തി കേസെടുക്കണമെന്ന് ഡൽഹി നിയമസഭ ന്യൂനപക്ഷ ക്ഷേമകാര്യ കമ്മിറ്റി അധികൃതരോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, നടപടി ഉണ്ടായില്ല. തെരഞ്ഞെടുപ്പ് വേളകളിലും ചിരിയോടെയും നടത്തുന്ന പ്രയോഗങ്ങൾ കാര്യമാക്കേണ്ടതില്ലെന്ന് ഡൽഹി ഹൈക്കോടതി ഒരിക്കൽ നിരീക്ഷിച്ചിരുന്നു.



രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയെ പോലും അപകീർത്തിപ്പെടുത്തിയ എംപിമാരും എംഎൽഎമാരും മന്ത്രിമാരും രാജ്യത്ത് ഉണ്ടായിരുന്നിട്ടും അവർക്കൊന്നുമില്ലാത്ത അയോഗ്യതകൊണ്ട് രാഹുൽ ഗാന്ധിയെ വേട്ടയാടുന്നതിലെ ലക്ഷ്യം ഫാഷിസത്തിന്റെ പ്രതികാര ബുദ്ധിയല്ലാതെ മറ്റൊന്നുമല്ല.

**ഭരണകൂടം കെണിയൊരുക്കുമ്പോൾ**

പൂർണമായ കോർപറേറ്റ് വൽകരണം ഉദ്ദേശിച്ചുള്ള നവസാമ്പത്തിക നയങ്ങളിലൂടെയാണ് ഇന്ത്യൻ ഭരണകൂടം അധികാരത്തെ ഉറപ്പിച്ച് നിർത്തുന്നത്. പൗരാവകാശങ്ങളെ പൂർണമായും നിരാകരിക്കുന്ന നിയമനിർമാണവും നിലവിലുള്ള നിയമങ്ങളെ അതിനനുസൃതമായി പരിഷ്കരിക്കുകയും ചെയ്യുന്ന രാഷ്ട്രീയ തന്ത്രവുമാണ് സംഘപരിവാർ പ്രയോഗിക്കുന്നത്. നട്ടാൽ മുളക്കാത്ത പെരുംനുണകൾ പടച്ച് വിട്ടുകൊണ്ട് ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കുന്ന രീതിയാണിവർ പ്രയോഗിക്കുന്നത്. അതിന് വേണ്ടി മാധ്യമങ്ങളെയും സമൂഹ മാധ്യമങ്ങളെയും ദുരുപയോഗം ചെയ്യുന്നുണ്ട്. ആശയവിനിമയത്തിന്റെ ഏറ്റവും വലിയ സാധ്യതയായി വികസിച്ചിരിക്കുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിന് മുകളിൽ പോലും അധികാരമുറപ്പിക്കുന്നതോടെ ആവിഷ്കാരസ്വാതന്ത്ര്യം എന്ന ഭരണഘടനാവകാശത്തെ നിരാകരിക്കുകയാണ്. ലക്ഷദ്വീപിൽ നടപ്പാക്കുന്ന പുതിയ പരിഷ്കാരങ്ങളും കാശ്മീരിന്റെ സ്വതന്ത്ര പദവി എടുത്തുകളഞ്ഞ്കൊണ്ടുള്ള നിയമനിർമാണവുമെല്ലാം ഇത്തരം ലക്ഷ്യങ്ങളെ മുൻനിറുത്തിയാണെന്നതാണ് വസ്തുത. പശുരാഷ്ട്രീയവും ആൾക്കൂട്ട കൊലപാതകങ്ങളും പൗരത്വ നിയമ ഭേദഗതി ബില്ല് പാർലമെന്റിൽ പാസാക്കിയെടുത്തതുമെല്ലാം ഒരുവിഭാഗത്തെ മാത്രം ലക്ഷ്യമാക്കിയാണെന്ന് തെറ്റിദ്ധരിച്ചവരുടെ കണ്ണുതുറപ്പിക്കുന്നതാണ് രാഹുൽ ഗാന്ധിക്കെതിരെയുള്ള നടപടി.


ഹഥ്റസിൽ ക്രൂരമായി കൊലചെയ്യപ്പെട്ട ദളിത് പെൺകുട്ടിക്ക് വേണ്ടി ശബ്ദിച്ച സിദ്ദീഖ് കാപ്പനെ തുറുങ്കിലടച്ച പോലെ, 1818ൽ ദളിത് വിഭാഗത്തിന്റെ ധീരമായ ചെറുത്ത് നിൽപിന്റെ ഭാഗമായി നടന്ന കോരഗാവ് ഐതിഹാസിക സമരത്തിന്റെ ഇരുന്നൂറാം വാർഷികാചരണത്തെ സംഘപരിവാരങ്ങൾ അലങ്കോലപ്പെടുത്തിയതിനെതിരെയുള്ള പ്രതിഷേധങ്ങൾക്കിടയിൽ പുണെ പോലീസ് പാതിരാത്രിയിൽ നടത്തിയ റെയ്ഡിൽ അഞ്ച് പ്രമുഖ പൗരാവകാശ പ്രവർത്തകരെയും തുറുങ്കിലടച്ചു. ഫാഷിസത്തിന്റെ ക്രൂരമായ മനുഷ്യാവകാശ നിഷേധത്തിനെതിരെ ശബ്ദിച്ച പാൻസാരയും ധപോൽക്കറും ഗൗരി ലങ്കേഷും കൽബുർഗിയും കൊല്ലപ്പെട്ടു. ഗുജറാത്ത് കലാപത്തിലെ ഇരകൾക്ക് വേണ്ടി ശബ്ദിക്കുകയും ഭരണകൂട ഭീകരതയെ തുറന്നുകാണിക്കുകയും ചെയ്ത മനുഷ്യാവകാശ പ്രവർത്തകരായ ടീസ്റ്റ സെതൽവാദിനെയും ആർബി ശ്രീകുമാറിനെയും തടവറക്കുള്ളിലാക്കിയതും ശബ്ദിക്കുന്നവരെ അടിച്ചമർത്തുന്നതിന് മറ്റൊരു ഉദാഹരണമാണ്.

**മതനിരപേക്ഷ ഇന്ത്യയെ വീണ്ടെടുക്കാനും മർദിതന്റെ അവകാശത്തിനും അനീതിയുടെ തടവറ ജീവിതം നയിക്കുന്നവരുടെ വിമോചനത്തിനും സാമ്പത്തിക ക്രമക്കേടിനുമെതിരെ പോരാടുന്നവരെ അധികാരദണ്ഡ് ഉപയോഗിച്ച് നിശ്ശബ്ദമാക്കാനുള്ള ഭരണകൂടവേട്ടയാണ് നടക്കുന്നത്. പ്രതിപക്ഷത്തെ പ്രമുഖനായ നേതാവിനെവരെ നിസ്സാര കാരണങ്ങൾ പറഞ്ഞ് തടവറയിലിടാനുള്ള ശ്രമം ഭരണകൂട വേട്ടയുടെ ഭീകരമുഖമാണ് പ്രകടമാക്കുന്നത്. ഇന്ത്യൻ ജനത ഉണർന്നെഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇനിയും നിഷ്ക്രിയരാകുന്നപക്ഷം ഓരോരോർത്തർക്കും വിലക്ക് വീഴുന്ന സാഹചര്യം അതിവിദൂരമല്ലെന്ന കാര്യം മനസിലാക്കിയാൽ നന്ന്.**

മതനിരപേക്ഷ ഇന്ത്യയെ വീണ്ടെടുക്കാനും മർദിതന്റെ അവകാശത്തിനും അനീതിയുടെ തടവറ ജീവിതം നയിക്കുന്നവരുടെ വിമോചനത്തിനും സാമ്പത്തിക ക്രമക്കേടിനുമെതിരെ പോരാടുന്നവരെ അധികാരദണ്ഡ് ഉപയോഗിച്ച് നിശ്ശബ്ദമാക്കാനുള്ള ഭരണകൂടവേട്ടയാണ് നടക്കുന്നത്. പ്രതിപക്ഷത്തെ പ്രമുഖനായ നേതാവിനെവരെ നിസ്സാര കാരണങ്ങൾ പറഞ്ഞ് തടവറയിലിടാനുള്ള ശ്രമം ഭരണകൂട വേട്ടയുടെ ഭീകരമുഖമാണ് പ്രകടമാക്കുന്നത്. ഇന്ത്യൻ ജനത ഉണർന്നെഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

130 കോടി ജനങ്ങളുടെ ശബ്ദവും വികാരവും ഒരേതാളത്തിൽ പ്രവർത്തിച്ചാൽ നിഷ്പ്രയാസം പ്രതിസന്ധികളെ മറികടക്കാൻ സാധിക്കും. അതിനെ ഏകീകരിക്കാൻ രാഷ്ട്രീയ നേതൃത്വം ഉണർന്ന് പ്രവർത്തിക്കണം. അതിനായി മതനിരപേക്ഷ ചേരികൾ രാജ്യത്തിന് വേണ്ടി സർവതും മറന്ന് ഒരുമെയ്യായി പ്രവർത്തിക്കണം. അതിനുള്ള അവസരമാണ് ഒത്തുവന്നിരിക്കുന്നത്. ഇനിയും നിഷ്ക്രിയരാകുന്നപക്ഷം ഓരോരോർത്തർക്കും വിലക്ക് വീഴുന്ന സാഹചര്യം അതിവിദൂരമല്ലെന്ന കാര്യം മനസിലാക്കിയാൽ നന്ന്. ■

ലേഖനം



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 10

# സ്വപ്നങ്ങൾക്ക് നികുതി വേണ്ട!


പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741


**യേശുവിന്റെ ലോകം**

1906 മാർച്ചിൽ 'അവതരിച്ച' ചില വചനങ്ങൾ കാണുക: "മർയമിന്റെ മകൻ യേശു വലിയ മഹത്ത്വത്തിന് ഉടമയായി. ഇപ്പോൾ 40 കോടി ജനങ്ങൾ അദ്ദേഹത്തെ പ്രണമിക്കുന്നു. അദ്ദേഹത്തിന്റെ നാമത്തിൽ രാജാക്കന്മാരുടെ ശിരസ്സുകൾ കുനിയുന്നു. 'മറിയമിന്റെ മകൻ യേശുവിനെപ്പോലെ ശിർക്കിന്റെ വളർച്ചയ്ക്ക് നിമിത്തമാക്കരുതേ' എന്നാണ് ഞാൻ പ്രാർഥിച്ചത്. അത് അല്ലാഹു സ്വീകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. എന്നാൽ അവൻ എന്നോട് പലവട്ടം പറഞ്ഞിട്ടുണ്ട്; 'ഞാൻ നിന്നെ മഹാനാക്കും, ജനഹൃദയങ്ങളിൽ നിന്നോടുള്ള സ്നേഹം നിറക്കും, നിന്റെ പരമ്പരയെ ലോകമാകെ വ്യാപിപ്പിക്കും, മറ്റേത് വിഭാഗങ്ങളെയും നിന്റെ കക്ഷി അതിജയിക്കും' എന്നൊക്കെ. ഇതൊക്കെ ദൈവവാക്യങ്ങളാണ്. കേൾക്കുന്നവരേ, ഇത് പെട്ടികളിൽ സൂക്ഷിച്ചുവെക്കുക. ഒരു ദിവസം ഇതെല്ലാം പൂർത്തിയാവുകതന്നെ ചെയ്യും" (പേജ്: 517).

ഒന്നേകാൽ നൂറ്റാണ്ടിനിപ്പുറം ഖാദിയാനിയുടെ അനുയായികളെ തേടുമ്പോൾ, മനസ്സിലാവുക അല്ലാഹു തന്റെ വാക്ക് പാലിച്ചില്ല എന്നാണ്. യേശുവിന്റെയും പിന്നീട് വന്ന മുഹമ്മദി(സ്വ)ന്റെയും അനു

**ഖാദിയാനികളുടെ മുഖപത്രം 'ബദർ' മലയാളം വാരികയുടെ 2019 മെയ് 23ാം ലക്കത്തിലെ ഒരു ലേഖനത്തിൽ പറയുന്നു: 'മിർസാ മസ്റൂർ അഹമ്മദ് ആഗോളാടിസ്ഥാനത്തിൽ സന്ദർശനം നടത്തി വരുന്നു. വലിയ വലിയ ലോകനേതാക്കളുമായി അഭിമുഖം നടത്തുന്നു. അദ്ദേഹം 10 മില്യണിലധികം ആളുകളുടെ നേതാവാണ്.' അഹ്മദിയ്യാ ജമാഅത്തിന് 130 വയസ്സു കഴിഞ്ഞപ്പോഴുള്ള അവസ്ഥയാണിത്. ഇതിൽതന്നെ അനുയായികളുടെ എണ്ണത്തിൽ സാധാരണ ചേർക്കാറുള്ള വെള്ളം കുറച്ചാൽ 700 കോടിയിലേറെ വരുന്ന ജനസംഖ്യയിൽ ഏതാനും ലക്ഷങ്ങളെക്കുറിച്ചാണ് 'നിന്റെ കക്ഷിയെ ഞാൻ ലോകമാകെ വ്യാപിപ്പിക്കു'മെന്നു പറഞ്ഞതും ആ കക്ഷി സ്വന്തം 'ലോക'ത്ത് മറ്റുള്ള കക്ഷികളെ അതിജയിച്ചതും നാം കാണുന്നത്!**

യായികളാണ് ലോകം നിറയെ. കേവലം 13 വർഷം പിന്നിട്ടപ്പോഴേക്കും സ്വന്തമായി രാഷ്ട്രം സ്ഥാപിക്കുകയും രണ്ടു പതിറ്റാണ്ട് കൂടി കഴിഞ്ഞപ്പോൾ ലോകത്തിന്റെ മൂന്നിലൊന്ന് സ്വന്തം പതാകക്ക് കീഴിൽ വരികയും ചെയ്ത മുഹമ്മദ് നബി(സ്വ)യുടെ കാലത്തു നിന്ന് വ്യത്യസ്തമായി ലോകം ഒരു ഗ്രാമമായി ചുരുങ്ങിയിട്ടും ഖാദിയാനി പ്രവാചകന്റെ പേര് കേൾക്കാത്തവരാണ് 99.9 ശതമാനം മനുഷ്യരും!

ഖാദിയാനികളുടെ മുഖപത്രം 'ബദർ' മലയാളം വാരികയുടെ 2019 മെയ് 23ാം ലക്കത്തിലെ ഒരു ലേഖനത്തിൽ പറയുന്നു: 'മിർസാ മസ്റൂർ അഹമ്മദ് ആഗോളാടിസ്ഥാനത്തിൽ സന്ദർശനം നടത്തി വരുന്നു. വലിയ വലിയ ലോകനേതാക്കളുമായി അഭിമുഖം നടത്തുന്നു. അദ്ദേഹം 10 മില്യണിലധികം ആളുകളുടെ നേതാവാണ്.'

അഹ്മദിയ്യാ ജമാഅത്തിന് 130 വയസ്സു കഴിഞ്ഞപ്പോഴുള്ള അവസ്ഥയാണിത്. ഇതിൽതന്നെ അനുയായികളുടെ എണ്ണത്തിൽ സാധാരണ ചേർക്കാറുള്ള വെള്ളം കുറച്ചാൽ 700 കോടിയിലേറെ വരുന്ന ജനസംഖ്യയിൽ ഏതാനും ലക്ഷങ്ങളെക്കുറിച്ചാണ് 'നിന്റെ കക്ഷിയെ ഞാൻ ലോകമാകെ വ്യാപിപ്പിക്കു'മെന്നു പറഞ്ഞതും ആ കക്ഷി സ്വന്തം 'ലോക'ത്ത് മറ്റുള്ള കക്ഷികളെ അതിജയിച്ചതും നാം കാണുന്നത്!

**പകൽക്കിനാവ്**

സ്വന്തം കക്ഷിയുടെ വ്യാപനവുമായി ബന്ധപ്പെട്ട നിരവധി 'വഹ്‌യുകളും ദർശനങ്ങളും' മിർസാ ഖാദിയാനിക്ക് ലഭിച്ചിട്ടുണ്ടത്രെ. 1898ൽ അവതരിച്ച 'വഹ്‌യ്' ഇങ്ങനെ: "അവൻ എന്നെ സഹായിക്കും, എന്റെ വചനങ്ങൾ കിഴക്കും പടിഞ്ഞാറും വ്യാപിക്കുന്നതുവരെ. സത്യത്തിന്റെ സമുദ്രത്തിരകൾ അലയടിക്കും, തിരമാലകൾ ഉണ്ടാക്കുന്ന നുരയും പതയും കണ്ടു ജനങ്ങൾ ആകമാനം അത്ഭുതസ്തബ്ധരാകുന്നതുവരെ" (പേജ് 317)

തുടർന്ന് ഉർദു വഹ്‌യിലൂടെ വാഗ്ദാനം ആവർത്തിച്ചു: "ഞാൻ നിന്റെ പ്രബോധനത്തെ ഭൂമിയുടെ മുക്കുമൂലകളിൽ എത്തിക്കും. ഈ വിശുദ്ധ ഇൽഹാം പൂർത്തീകരിക്കാൻ ധാരാളം വഴികൾ തുറന്നതായി ഞാൻ കാണുന്നു" (പേജ്: 260).

**വെളുത്ത പക്ഷികൾ**

"ഞാൻ കണ്ടു; ലണ്ടനിലെ ഒരു പ്രസംഗപീഠത്തിൽ ഞാൻ കയറി നിൽക്കുകയാണ്. ഇംഗ്ലീഷിൽ വ്യക്തമായ തെളിവുകൾ സഹിതം ഞാൻ ഇസ്‌ലാമിന്റെ സത്യത്തെ വിവരിച്ചു. തുടർന്ന് ചെറിയ മരച്ചില്ലകളിൽ ഇരിക്കുകയായിരുന്ന കുറെയേറെ പക്ഷികളെ ഞാൻ പിടിച്ചു; തിത്തിരിക്കിളികൾ പോലെ തോന്നിക്കുന്ന വെളുത്ത നിറമുള്ളവ. ഞാൻ ആവില്ല, എന്റെ രചനകളാവും ആളുകളിൽ പ്രചരിപ്പിക്കുക എന്ന് ഞാൻ അതിനെ വ്യാഖ്യാനിച്ചു. ഏതായാലും സത്യാന്വേഷികളായ ഇംഗ്ലീഷുകാർ ഈ സത്യത്തിന് ഇടയാകുമെന്ന കാര്യം തീർച്ചയാണ്" (പേജ്: 147).

ഇംഗ്ലീഷുകാർ ഇന്ത്യയിൽ ഭരണകർത്താക്കളും ജേതാക്കളുമായി കഴിഞ്ഞിരുന്ന കാലത്താണല്ലോ മിർസാ ഖാദിയാനി ജീവിച്ചിരുന്നത്. അദ്ദേഹത്തിന് ശേഷവും നാല് പതിറ്റാണ്ട് അവരിവിടെത്തന്നെ ഉണ്ടായിരുന്നു. എന്നാൽ അക്കൂട്ടത്തിൽ ഒരു തിത്തിരിക്കിളിയെപ്പോലും പിടിക്കാൻ മിർസക്കോ അദ്ദേഹത്തിന്റെ കാലശേഷം വന്ന ഖലീഫമാർക്കോ സാധിച്ചി



**ക്രിസ്ത്യാനികൾ അദ്ദേഹത്തെ ദൈവവും ദൈവപുത്രനുമാക്കി ആരാധിച്ചത് അദ്ദേഹത്തിന്റെ കുറ്റമല്ലല്ലോ. 'ശിർക്കിന് തന്നെ നിമിത്തമാക്കരുതേ' എന്ന പ്രാർഥനയിലൂടെ അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളത് എന്താണെന്ന് ആർക്കും മനസ്സിലാകും. ഒളിഞ്ഞും തെളിഞ്ഞും ഈസാ നബി(അ)യെ അധിക്ഷേപിക്കുന്നത് ഖാദിയാനി പ്രവാചകന്റെ പതിവ് രീതിയാണ്.**

ല്ല. നൂറ്റാണ്ടിനിപ്പുറവും അത് ദിവാസ്വപ്നമായി അവശേഷിക്കുന്നു.

നാലാം ഖലീഫക്ക് അവർ അഭയം നൽകിയത് അയാളും സംഘവും സത്യത്തിന്റെ ആളുകൾ ആയത് കൊണ്ടായിരുന്നില്ല. തങ്ങൾ നട്ടുവളർത്തിയ മുൾച്ചെടി വാടാതിരിക്കാനും ആവുന്നത്ര മുസ്‌ലിംകൾക്ക് തലവേദന സൃഷ്ടിക്കാനും ആയിരുന്നു എന്ന കാര്യം ആർക്കാണ് നിഷേധിക്കാനാവുക? വിരലിലെണ്ണാൻ മാത്രം വെള്ളക്കാർ ഖാദിയാനി മതത്തിൽ ചേർന്നിരുന്നുവെങ്കിൽ അവരായേനെ ഖാദിയാനി ടിവിയിലെ അവതാരകർ!

**സ്വപ്നങ്ങൾക്ക് നികുതി വേണ്ട!**

മറ്റൊരു പകൽക്കിനാവ് ഇങ്ങനെ: '1885 ഏപ്രിൽ 6, ഞാനെന്തോ ഒരപകടത്തിൽ പെട്ടതായി സ്വപ്നം കണ്ടു. ഇന്നാലില്ലാഹി... ഗവൺമെന്റിനെ തെറ്റിദ്ധരിപ്പിച്ചു എന്നെ കുടുക്കാൻ ശ്രമിക്കുന്നവരോട് ഞാൻ പറഞ്ഞു. 'എന്നെ അറസ്റ്റ് ചെയ്യുമോ അതോ കൊന്നുകളയുമോ?' 'നിന്നെ വീഴ്ത്താനുള്ള കാര്യമാണ് നടക്കാൻ പോകുന്നത്.' 'ഞാൻ അല്ലാഹുവിന്റെ ചെലവിലാണ്. അവൻ ഇരുത്തിയാൽ ഞാൻ ഇരിക്കും, അവൻ നിർത്തിയാൽ ഞാൻ നിൽക്കും.'

ഉടനെ ഇൽഹാം വന്നു: 'ശാമിലെ സൂഫികളും അറേബ്യയിലെ ദൈവദാസന്മാരും നിനക്കുവേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. എന്താണ് സംഭവമെന്നും എപ്പോൾ എങ്ങനെ ഇത് പുലരുമെന്നും അല്ലാഹുവിനറിയാം' (പേജ്: 130).

ശാമിലും അറേബ്യൻ നാടുകളിലും മിർസാക്ക് വേണ്ടി പ്രാർഥിക്കുന്ന ഒരാളെ മഷിയിട്ടാൽപോലും കണ്ടുകിട്ടുമെന്ന് തോന്നുന്നില്ല. സ്വപ്നങ്ങൾക്ക് കരം അടക്കേണ്ടതില്ലല്ലോ!

**മണൽത്തരി പോലെ അനുയായികൾ**

'ദിവായാത്തെ സഹാബാ രജിസ്റ്ററിൽനിന്ന് എടുത്തെഴുതിയ ചില 'വഹ്‌യുകൾ' കാണുക: 'ശത്രുക്കൾ നമ്മുടെ പ്രബോധനം തടയാൻ ഉദ്ദേശിക്കുന്നു. എന്നാൽ അല്ലാഹു എനിക്ക് മണൽത്തരി പോലെ എന്റെ ജമാഅത്തിനെ കാണിച്ചു തന്നിരിക്കുന്നു'(പേജ്: 690).

ഫസലുദ്ദീൻ അബ്ദുല്ലയുടെ റിപ്പോർട്ടാണിത്. ശൈഖ് അബ്ദുൽ കരീമിന്റെ റിപ്പോർട്ടിൽ 'റഷ്യയിലും സമീപപ്രദേശങ്ങളിലും മണൽത്തരിപോലെയാണ് ഞാൻ എന്റെ ജമാഅത്തിനെ കണ്ടിട്ടുള്ളത്' എന്ന് സ്ഥലം വ്യക്തമാക്കിയിട്ടുണ്ട്.

അറേബ്യൻ നാടുകളിലായാലും റഷ്യയിലായാലും പൂഴികണക്കെ അനുയായികളെ കാണിച്ചുകൊടുത്തു ആവേശം കൊള്ളിച്ചതല്ലാതെ ലോകത്ത് മുഴുക്കെ അന്വേഷിച്ചാലും ഒരു കൈക്കുമ്പിളിൽ അധികം പൂഴി കാണാനാവില്ല.

'അങ്ങനെയിരിക്കെ ഞാൻ വലിയൊരു പാത്രം സർബത്ത് കുടിച്ചു. അതിന്റെ മധുരം എനിക്ക് സഹിക്കാവുന്നതിലും അധികമായിരുന്നു. എന്നിട്ടും ഞാൻ അതു മുഴുവൻ കുടിച്ചുതീർത്തു. ഒരുപാട് മൂത്രിക്കേണ്ടി വരുമല്ലോ എന്ന് മനസ്സിൽ തോന്നുകയും ചെയ്തു. മധുരമുള്ള ഒത്തിരി സർബത്ത് എന്തിനാണ് ഞാൻ കുടിക്കുന്നത് എന്ന ചിന്തയോടെയാണ് എല്ലാം കുടിച്ചത്. സർബത്ത് എന്നാൽ വിജയം ആണെന്ന് മനസ്സിലായി. ഇത് ഇസ്‌ലാമിന്റെയും നമ്മുടെ ജമാഅത്തിന്റെയും വമ്പിച്ച വിജയത്തെക്കുറിച്ചുള്ള സുവാർത്തയായിരുന്നു' (പേജ്: 267).

വെറുതെ മൂത്രമൊഴിച്ചു ഇടങ്ങേറായത് മാത്രം മിച്ചം. അതിന്റെ പാരമ്യതയിൽ രാത്രി നൂറുതവണ മൂത്രിക്കേണ്ടി വന്നുവത്രെ!

**വിജയം വിളിപ്പാടകലെ**

"വീണ്ടും അല്ലാഹു ചില ദർശനങ്ങളും വഹ്‌യുകളും അവതരിപ്പിച്ചു. സ്വർഗവും നരകവും കാണിച്ചുതന്നു.



എല്ലാ ഇനങ്ങളിലുമുള്ള പഴങ്ങളും അനുഗ്രഹങ്ങളും നിറഞ്ഞ സ്വർഗമാണ് ആദ്യം കാണിച്ചത്. അപ്പോൾ ഇൽഹാം ഉണ്ടായി: 'അവർ വിദൂരമായ എല്ലാ വഴികളിലൂടെയും നിന്റെ അടുത്ത് എത്തിച്ചേരും."

"പിന്നീട് നരകം കാണിച്ചുതന്നു. അങ്ങേയറ്റം വെറുപ്പുളവാക്കുന്ന കക്കൂസ് പോലുള്ള സ്ഥലം! ഒപ്പം ഇൽഹാം നാവിൽ തത്തിക്കളിച്ചു: 'അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും എന്നിൽ വർഷിച്ചില്ലായിരുന്നുവെങ്കിൽ എന്റെ തല ഈ തീട്ടത്തിൽ പതിക്കുമായിരുന്നു."

തീർന്നില്ല, അല്ലാഹു തുടർന്ന് ഉർദുവിൽ പറഞ്ഞു: 'അല്ലാഹു നിന്റെ നാമം ഉയർത്താനും അങ്ങനെ ചക്രവാളങ്ങളിൽ അതിന്റെ പ്രകാശം പരത്താനും ഉർദേശിച്ചിരിക്കുന്നു.' 'ആകാശത്തുനിന്ന് നിരവധി സിംഹാസനങ്ങൾ ഇറങ്ങിവന്നു. അവയിൽ നിന്റെ സിംഹാസനം ഏറ്റവും ഉയർത്തിയാണ് സ്ഥാപിച്ചത്.' 'ശത്രുക്കളുമായി കണ്ടുമുട്ടുമ്പോൾ മലക്കുകൾ നിന്നെ സഹായിച്ചു' (പേജ്: 346). 1899 ആഗസ്റ്റിലാണ് ഈ 'വഹ്‌യുകൾ' അവതരിച്ചത്.

സംശയിക്കേണ്ട, ദൈവികഗ്രന്ഥം എന്ന് ഖാദിയാനികൾ വിശ്വസിക്കുന്ന 'തദ്കിറ'യിൽനിന്ന് തന്നെയാണ് ഈ വരികൾ എടുത്തെഴുതിയിട്ടുള്ളത്. 1899 ആഗസ്റ്റിലാണ് ഈ 'വഹ്‌യുകൾ' അവതരിച്ചത്.

**വാഗ്ദാനപ്പെരുമഴ**

1900ൽ അവതരിച്ച 161ഉം 208ഉം സൂക്തങ്ങളുള്ള രണ്ട് അധ്യായങ്ങളിൽ മിർസാ ഖാദിയാനിയോട് തന്റെ ദൗത്യം എത്രയും വേഗം പൂർണ വിജയത്തിൽ എത്തുമെന്ന് അല്ലാഹു അറിയിച്ചിരുന്നുവത്രെ. ചില സൂക്തങ്ങൾ കാണുക:

"അല്ലയോ അഹ്മദ്, അല്ലാഹു നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. അവൻ അർശിൽനിന്ന് നിന്നെ സ്തുതിക്കുന്നു, നിനക്ക് സ്വലാത്ത് ചൊല്ലുന്നു. ദൈവത്തിന്റെ പ്രകാശത്തെ വായകൊണ്ട് ഊതിക്കെടുത്താൻ അവർ ആഗ്രഹിക്കുന്നു. നിഷേധികൾ എത്ര വെറുത്താലും ശരി അല്ലാഹുവിന്റെ പ്രകാശം പൂർത്തിയാക്കുക തന്നെ ചെയ്യും. സഹായവും വിജയവും വരുമ്പോൾ കാലം നമ്മിലേക്ക് തിരിയും..."

"അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശനാകാതെ! നിശ്ചയം, അത് നിന്നോട് അടുത്താണുള്ളത്. അവന്റെ സഹായം എല്ലാ വഴിയിലൂടെയും നിന്റെ അടുത്ത് വരും. വിദൂരസ്ഥലങ്ങളിൽനിന്നും നിനക്ക് സഹായികളെത്തും."

**'നീ വിചാരിക്കുന്നവരെ നിന്നിലേക്ക് വലിച്ചടുപ്പിക്കും' എന്ന വചനത്തിൽനിന്നുതന്നെ ഇത് വ്യാജവഹ്‌യാണെന്നുറപ്പാണ്. കാരണം ജീവിച്ചിരുന്നപ്പോഴും ശേഷവും തന്റെ അനുയായിവൃന്ദത്തിലേക്ക് വളരെ കുറഞ്ഞ ആളുകളെയാണ് അദ്ദേഹത്തിന് ആകർഷിക്കാനായത്. 'നിന്റെ നാമം പൂർത്തിയാകും എന്നാൽ എന്റെ നാമം പൂർണമാകില്ല' എന്ന് അല്ലാഹു മിർസയെ വിളിച്ചു പറഞ്ഞത്രെ! ഖാദിയാനികളുടെ പ്രവാചകന് വഹ്‌യ് നൽകുന്നത് അല്ലാഹു അല്ലെന്നതിന് ഇതിനപ്പുറം എന്ത് തെളിവാണ് വേണ്ടത്? സത്തയിലും സ്വിഫാത്തിലും സമ്പൂർണമായ വിശിഷ്ടനാമങ്ങളുടെ ഉടമയായാണ് ഇസ്‌ലാം അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത്. ഇവിടെ വഹ്‌യ് നൽകുന്ന അല്ലാഹുവിന്റെ നാമം അപൂർണമാണത്രെ!**

"നാം നിന്നെ കടാക്ഷിച്ചു. അല്ലയോ അഗ്നീ, നീ ഇബ്റാഹീമിന് തണുപ്പും രക്ഷയും ആവുക. അല്ലയോ അഹ്മദ്, നിന്റെ നാമം പൂർണമാവും. എന്നാൽ എന്റെ നാമം പൂർണമാവില്ല. നീ ആരെ വിചാരിച്ചാലും നിന്നിലേക്ക് വലിച്ചടുപ്പിക്കും, നിന്റെ അടിയാറുകളിൽ ചേർക്കും."

"അല്ലാഹുവാണ് ഏറ്റവും വലിയ രക്ഷകനും കരുണാവാരിധിയും. കുഫ്റിന്റെ നേതാക്കൾ നിന്നെ പേടിപ്പിക്കും. ഭയപ്പെടേണ്ട, നീ എന്നോടൊപ്പമാണ്; ഞാൻ നിന്നോടൊപ്പവും. നിനക്കുവേണ്ടിയാണ് ഞാൻ രാപ്പകലുകൾ സൃഷ്ടിച്ചിട്ടുള്ളത്. അല്ലാഹു ഏതു രംഗത്തും നിന്നെ സഹായിക്കും. ഞാനും എന്റെ ദൂതനും വിജയിക്കും. എന്റെ വചനങ്ങൾ ആർക്കും മാറ്റാനാവില്ല. നിനക്കു ഞാനെല്ലാം പൊറുത്തു തന്നിരിക്കുന്നു. ഇഷ്ടമുള്ളത് ചെയ്തുകൊള്ളുക" (പേജ്: 294-297).

ആവർത്തിച്ച വാക്കുകൾ ഒഴിവാക്കിയാണ് ഇവിടെ ഉദ്ധരിച്ചത്. 'നീ വിചാരിക്കുന്നവരെ നിന്നിലേക്ക് വലിച്ചടുപ്പിക്കും' എന്ന വചനത്തിൽനിന്നുതന്നെ ഇത് വ്യാജവഹ്‌യാണെന്നുറപ്പാണ്. കാരണം ജീവിച്ചിരുന്നപ്പോഴും ശേഷവും തന്റെ അനുയായിവൃന്ദത്തിലേക്ക് വളരെ കുറഞ്ഞ ആളുകളെയാണ് അദ്ദേഹത്തിന് ആകർഷിക്കാനായത്.

'നിന്റെ നാമം പൂർത്തിയാകും എന്നാൽ എന്റെ നാമം പൂർണമാകില്ല' എന്ന് അല്ലാഹു മിർസയെ വിളിച്ചു പറഞ്ഞത്രെ! ഖാദിയാനികളുടെ പ്രവാചകന് വഹ്‌യ് നൽകുന്നത് അല്ലാഹു അല്ലെന്നതിന് ഇതിനപ്പുറം എന്ത് തെളിവാണ് വേണ്ടത്? സത്തയിലും സ്വിഫാത്തിലും സമ്പൂർണമായ വിശിഷ്ടനാമങ്ങളുടെ ഉടമയായാണ് ഇസ്‌ലാം അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത്. ഇവിടെ വഹ്‌യ് നൽകുന്ന അല്ലാഹുവിന്റെ നാമം അപൂർണമാണത്രെ!


*(തുടരും)*



ഭൂമിയിൽ ജീവന്റെ ആവിർഭാവത്തെക്കുറിച്ച് ഇക്കാലമത്രയും ഒട്ടേറെ ശാസ്ത്രീയ വിശകലനങ്ങൾ നടന്നിട്ടുണ്ട്. ഏകദേശം 318 മില്യൺ വർഷങ്ങൾക്ക് മുമ്പുതന്നെ പ്രപഞ്ചത്തിൽ ജൈവോൽപത്തി നടന്നിട്ടുണ്ട് എന്നതിൽ ശാസ്ത്രജ്ഞന്മാർ ഏകാഭിപ്രയക്കാരാണ്. എന്നാൽ ഭൂമുഖത്ത് ജീവൻ പ്രകടമായ രൂപത്തെക്കുറിച്ച് അവർക്ക് കൃത്യമായ അറിവില്ല. ആധുനിക ശാസ്ത്രജ്ഞന്മാർ ജീവന്റെ ഉത്ഭവത്തെക്കുറിച്ച് പ്രധാനമായും രണ്ട് വീക്ഷണങ്ങളാണ് വച്ചുപുലർത്തുന്നത്. കേവലം യാദൃച്ഛികമായ ഒരുവേളയിൽ ജീവന്റെ തുടിപ്പ് ഈ ഗോളത്തിൽ പ്രത്യക്ഷപ്പെട്ടു എന്നതാണ് അതിലൊന്ന്. പ്രപഞ്ചത്തിൽ ബില്യൺകണക്കിന് വർഷങ്ങൾക്ക് മുമ്പ് നിലവിലുണ്ടായിരുന്ന പദാർഥങ്ങളും പരിതഃസ്ഥിതിയും സമന്വയിച്ചുകൊണ്ട് ഒരു രാസപ്രക്രയിയിലൂടെ ജീവൻ രൂപംകൊണ്ടു എന്നതാണ് മറ്റൊരു വീക്ഷണം.

പ്രപഞ്ചത്തിലെ മറ്റേതോ ഗ്രഹങ്ങളിൽ നിന്നും ചില ജൈവവസ്തുക്കൾ ഭൂമിയിൽ പതിക്കുകയും അവ അവിടെക്കിടന്ന് വളർന്നുവരികയും ചെയ്തു എന്നാണ് ജീവൻ യാദൃച്ഛികമായി ഉണ്ടായി എന്ന് പറയുന്നവർ വ്യാഖ്യാനിക്കുന്നത്. എന്നാൽ ഈ സിദ്ധാന്തത്തെ നല്ലൊരുഭാഗം ശാസ്ത്രജ്ഞരും അംഗീകരിക്കുന്നില്ല. കാരണം ഒട്ടേറെ പ്രയാസം നിറഞ്ഞ വഴികളിലൂടെയുള്ള ജൈവവസ്തുക്കളുടെ പ്രയാണം അസാധ്യമായിട്ടാണ് അവർ കാണുന്നത്. തന്നെയുമല്ല, ഈ സിദ്ധാന്തം ജീവന്റെ ആവിർഭാവം എവിടെനിന്ന് എന്ന് മാത്രമെ പറയുന്നുള്ളൂ; അല്ലാതെ അത് രൂപംകൊണ്ട വികാസപരിണാമഘട്ടങ്ങളെക്കുറിച്ച് പരാമർശിക്കുന്നില്ല. എന്നാൽ പ്രപഞ്ചത്തിൽ രാസപ്രക്രിയയിലൂടെയാണ് ജീവൻ ഉത്ഭവിച്ചത് എന്ന തത്ത്വം സമാലിക ശാസ്ത്രജ്ഞന്മാരിൽ പലരും അംഗീകരിക്കുന്നു.

ഭൗമോപരിതലത്തിൽ ഉണ്ടായിരുന്ന ചില വസ്തുക്കളുടെ രാസപരിണാമ പ്രക്രിയകളുടെ തുടർച്ചയെന്നോണമാണ് ജീവൻ രൂപപ്പെട്ടത് എന്ന രണ്ടാമത്തെ സിദ്ധാന്തത്തെയും ചില ശാസ്ത്രജ്ഞർ എതിർക്കുന്നുണ്ട്. ‘അന്ന് ഭൂമിയിൽ മതിയായ അളവിൽ ഓക്സിജൻ ഇല്ലാതിരുന്നത് നിമിത്തം അന്നത്തെ പരിതഃസ്ഥിതി ജൈവ ഉത്ഭവത്തിന് അനുയോജ്യമായിരുന്നില്ല എന്നാണ് ഇക്കൂട്ടർ വാദിക്കുന്നത്. ഇന്നത്തെ പരിതഃസ്ഥിതിയിൽനിന്നും തികച്ചും വ്യത്യസ്തമായി അന്ന് പ്രപഞ്ചത്തിൽ ഏറ്റവും കൂടുതൽ കാണപ്പെട്ടിരുന്ന ഘടകം ഹൈഡ്രജനായിരുന്നു. അമോണിയ, മീഥൈൽ, ജലം എന്നീ വസ്തുക്കളും അന്ന് സുലഭമായിരുന്നു. ഇത്തരം പ്രകൃതി വസ്തുക്കളും വാതകങ്ങളും സൂര്യപ്രകാശം, അഗ്നിപർവതം, മിന്നൽപ്പിണർ എന്നിവയുമായി ചേർന്ന് ജീവന്റെ ഏറ്റവും സുക്ഷ്മ ഘടകങ്ങളായ അമിനോ ആസിഡുകളും ഗ്ലൂക്കോസും രൂപംകൊള്ളുകയും ഇവ സങ്കീർണവും ശാസ്ത്രീയമായി വിവക്ഷിക്കാൻ പറ്റാത്തതുമായ രൂപത്തിൽ



# ജീവന്റെ ഉത്ഭവം

## ക്വുർആനിലും ശാസ്ത്രത്തിലും

ഡോ. ടി. കെ യൂസുഫ്
: 9349798262

കൂടിച്ചേർന്ന് പ്രഥമ ജീവലോകം രൂപപ്പെടുകയും ചെയ്തു'വെന്നാണ് രാസപ്രക്രിയയിലൂടെ ജീവപരിണാമം ഉണ്ടായി എന്ന് വാദിക്കുന്നവർ പറയുന്നത്.

1953ൽ ചിക്കാഗോ യൂണിവേഴ്സിറ്റിയിലെ വിദ്യാർഥിയായിരുന്ന സ്റ്റാൻലി ലിസ്മില്ലർ യുഗങ്ങൾക്ക് മുമ്പ് ഭൂമിയുടെ ഉപരിതലത്തിൽ കാണപ്പെട്ടിരുന്നു എന്ന് വിശ്വസിക്കപ്പെട്ടിരുന്ന രാസപദാർഥങ്ങൾ ഒരു ടെസ്റ്റ് ട്യൂബിലെടുത്ത് പരിക്ഷണം നടത്തിയപ്പോൾ ജൈവകോശത്തിലെ പ്രോട്ടീൻ നിർമാണത്തിൽ അടിസ്ഥാനഘടകമായി വർത്തിക്കുന്ന അമിനോ ആസിഡുകൾ രൂപംകൊള്ളുന്നതായി കണ്ടെത്തി. അതേ സർവകലാശാലയിലെ പ്രൊഫസറും രസതന്ത്രത്തിൽ 1934ലെ നൊബേൽ സമ്മാന ജേതാവുമായ ഹരോൾഡ് സിയൂറിയും മറ്റു ചില ശാസ്ത്രജ്ഞരും കൂടി പ്രസ്തുത പരീക്ഷണം ആവർത്തിച്ചപ്പോഴും മില്ലർ നടത്തിയ പരീക്ഷണത്തിന് സമാനമായ ഫലംതന്നെയാണ് ഉണ്ടായത്. എന്നാൽ അമിനോ ആസിഡുകൾ ജീവനിൽ നേരിയ പങ്കുമാത്രമെ നിർവഹിക്കുന്നുള്ളൂ എന്ന് പറഞ്ഞുകൊണ്ട് ഒരുപറ്റം ശാസ്ത്രജ്ഞർ ഈ സിദ്ധാന്തത്തെയും എതിർക്കുന്നുണ്ട്.

ജീവകോശങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് അടുത്തകാലത്തായി ഒട്ടേറെ ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. കോശത്തിന്റെ ജനിതകഘടനയിൽ പ്രധാന പങ്കുവഹിക്കുന്ന ഡി.എൻ.എ പ്രാരംഭ ജീവകോശത്തിൽ ഉണ്ടായിരുന്നില്ലെന്ന് വിശ്വസിക്കുന്നവരും ജീവശാസ്ത്ര വിദഗ്ധരിലുണ്ട്. ജീവന്റെ ആവിർഭാവ കാലഘട്ടത്തിൽ ഭൂമിയുടെ പരിതഃസ്ഥിതി ഇന്നത്തേതിനെക്കാളും വ്യത്യസ്തമായിരുന്നു. അന്ന് ഭൂമിയുടെ ഉപരിതലത്തിൽ 97 ശതമാനം വെള്ളമായിരുന്നുവെന്നും അന്തരീക്ഷത്തിൽ ഓക്സിജൻ കാണപ്പെട്ടിരുന്നില്ലെന്നും സൂര്യതാപം കുറവായിരുന്നുവെന്നും ശാസ്ത്രലോകം അംഗീകരിക്കുന്നുണ്ട്. ഭൂമിയുടെ ഊഷ്മാവ് പൂജ്യം ഡിഗ്രിയായിരുന്ന അക്കാലത്ത് കാർബൺഡൈഓക്സൈഡ്, നൈട്രജൻ എന്നിവ ഭൂമിയിലുണ്ടായിരുന്നു എന്ന വസ്തുത പല ശാസ്ത്രജ്ഞരും അംഗീകരിക്കുന്നുണ്ട്. എന്നാൽ ഇത്തരം വസ്തുക്കൾക്ക് ജീവനിൽ കാര്യമായ പങ്കില്ലാത്തതുകൊണ്ട് ഭൂമിയിൽ ജീവന്റെ കണികകൾ അതിസൂക്ഷ്മമായ വസ്തുക്കളുടെ രൂപത്തിൽ ബാഹ്യലോകത്തുനിന്നും ഭൂമിയിലേക്ക് വന്നു എന്ന നിഗമനമാണ് ഇവർക്കുള്ളത്.

ജീവന്റെ ഉത്ഭവത്തെക്കുറിച്ച് മേൽപറഞ്ഞ സങ്കൽപങ്ങൾക്ക് പുറമെ യാഥാർഥ്യവുമായി കുറച്ചുകൂടി ബന്ധമുള്ള ഒരു വീക്ഷണം1981ൽ രൂപംകൊള്ളുകയുണ്ടായി. ഡി.എൻ.എ. കണ്ടുപിടിച്ച ഇംഗ്ലീഷ് ബയോളജിസ്റ്റായ എം.എച്ച്. ക്രീക്ക് എന്ന ശാസ്ത്രജ്ഞനാണ് ഈ സങ്കൽപത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ജീവന്റെ വിത്തുകൾ ഭൂമിയിലേക്ക് വന്നത് നിഗൂഢമായ ഏതോ ഒരു വഴിയിലൂടെയാണ്. അതുകൊണ്ട് തന്നെ

> **പ്രപഞ്ചത്തിന്റെ ആദ്യരൂപം ഒരു വാതകമായിരുന്നു എന്ന സത്യം ഇന്ന് ശാസ്ത്രം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം ക്വുർആൻ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രസ്താവിച്ചതാണ്. 'പിന്നീടവൻ ആകാശത്തിലേക്ക് തിരിഞ്ഞു. അത് ഒരു പുകയായിരുന്നു' (ക്വുർആൻ 41:11). എന്നാൽ ജീവന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ശാസ്ത്രീയ നിഗമനങ്ങളെല്ലാം വൈരുധ്യങ്ങൾ നിറഞ്ഞതാണ്. ഈ രംഗത്ത് ഇനിയും ഗവേഷണങ്ങൾ നടക്കേണ്ടതുണ്ട്. മനുഷ്യനെ മണ്ണിൽനിന്നും സൃഷ്ടിച്ചു എന്ന വസ്തുതയിലേക്കും ഇനിയുള്ള ശാസ്ത്രഗവേഷണങ്ങൾ ചെന്നെത്താനിടയുണ്ട്. വാനരിൽനിന്നും പരിണമിച്ചാണ് നരവംശം ഉണ്ടായത് എന്ന സങ്കീർണ സമസ്യ വെച്ചുപുലർത്തുന്നവരുടെ മസ്തിഷ്ക്കത്തിന് സംതൃപ്തി നൽകാൻ 'മണ്ണിൽനിന്നും നാം മനുഷ്യനെ സൃഷ്ടിച്ചു' എന്ന ക്വുർആൻ വചനം തികച്ചും പര്യാപ്തമാണ്.**

ജൈവ ഉത്ഭവം പ്രായോഗികതലത്തിൽ പരീക്ഷണം നടത്തി തെളിയിക്കാൻ പ്രയാസമാണ്. ക്രീക്കിന്റെ ഈ സങ്കൽപം സൃഷ്ടിപ്പിനെക്കുറിച്ചുള്ള ക്വുർആനിക വീക്ഷണത്തെ പിന്തുണക്കുന്നതാണ്. 'ജീവനുള്ള എല്ലാ വസ്തുക്കളെയും നാം ജലത്തിൽനിന്നും സൃഷ്ടിച്ചു' (ക്വുർആൻ: 21:30) എന്നാണ് അല്ലാഹു പറയുന്നത്. സൃഷ്ടിപ്പിന്റെ പിന്നിലുള്ള ദൈവകരങ്ങളെ അംഗീകരിക്കാൻ കഴിയാത്തവർക്ക് ജീവൻ വന്ന വഴി എന്നും നിഗൂഢംതന്നെയായിരിക്കും.

ജീവന്റെ ആവിർഭാവത്തെക്കുറിച്ച് നിലവിലുള്ള സങ്കൽപങ്ങളെല്ലാം ശാസ്ത്രജ്ഞന്മാരുടെ ജൽപനങ്ങൾ മാത്രമാണ്. ബില്യൺകണക്കിന് വർഷങ്ങൾക്ക് മുമ്പ് രൂപംകൊണ്ട ജീവൻ എന്ന പ്രതിഭാസത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾക്കൊന്നും ഉപോൽബലകങ്ങളായ വ്യക്തമായ തെളിവുകളില്ല. എന്നാൽ സൃഷ്ടിപ്പിന്റെ ആദ്യഘട്ടത്തിലെ ജലത്തിന്റെ ഗണ്യമായ സാന്നിധ്യം ക്വുർആനിലും പ്രതിപാദിക്കുന്നുണ്ട്: 'അവനാണ് ആകാശഭൂമികളെ ആറ് ദിവസങ്ങളിലായി സൃഷ്ടിച്ചത്, അവന്റെ സിംഹാസനം വെള്ളത്തിൻ മേലായിരുന്നു' (ക്വുർആൻ 11:7).

ബാഹ്യലോകത്ത് വെള്ളമുണ്ടാകാനുള്ള സാധ്യതയെക്കുറിച്ചുള്ള ഗവേഷണങ്ങൾ ഇന്നും മുറക്ക് നടക്കുന്നുണ്ട്. നമ്മുടെ സങ്കൽപങ്ങൾക്കും കണക്കുകൂട്ടലുകൾക്കും അപ്പുറത്തുള്ള ചില ഞെട്ടിപ്പിക്കുന്ന യാഥാർഥ്യങ്ങളാണ് ഇത്തരം പഠനങ്ങൾ പുറത്ത്കൊണ്ടുവന്നിട്ടുള്ളത്. ഭൂമിയിലെ സമുദ്രങ്ങളെ ആറ് പ്രാവശ്യം നിറക്കാൻ വേണ്ട വെള്ളം ഉൾകൊള്ളുന്ന ഒരു നീരാവിപടലം ബാഹ്യലോകത്ത് ഉള്ളതായി 1998ൽ യൂറോപ്യൻ ബഹിരാകാശ ഏജൻസി വെളിപ്പെടുത്തിയിട്ടുണ്ട്. ആകാശഭൂമികളുടെ സൃഷ്ടിപ്പിന്റെ ആദ്യഘട്ടത്തിലെ അധികരിച്ച ജലസാന്നിധ്യം അവിശ്വസനീയമല്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

പ്രപഞ്ചത്തിന്റെ ആദ്യരൂപം ഒരു വാതകമായിരുന്നു എന്ന സത്യം ഇന്ന് ശാസ്ത്രം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം ക്വുർആൻ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രസ്താവിച്ചതാണ്. 'പിന്നീടവൻ ആകാശത്തിലേക്ക് തിരിഞ്ഞു. അത് ഒരു പുകയായിരുന്നു' (ക്വുർആൻ 41:11). എന്നാൽ ജീവന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ശാസ്ത്രീയ നിഗമനങ്ങളെല്ലാം വൈരുധ്യങ്ങൾ നിറഞ്ഞതാണ്. ഈ രംഗത്ത് ഇനിയും ഗവേഷണങ്ങൾ നടക്കേണ്ടതുണ്ട്. മനുഷ്യനെ മണ്ണിൽനിന്നും സൃഷ്ടിച്ചു എന്ന വസ്തുതയിലേക്കും ഇനിയുള്ള ശാസ്ത്രഗവേഷണങ്ങൾ ചെന്നെത്താനിടയുണ്ട്. വാനരിൽനിന്നും പരിണമിച്ചാണ് നരവംശം ഉണ്ടായത് എന്ന സങ്കീർണ സമസ്യ വെച്ചുപുലർത്തുന്നവരുടെ മസ്തിഷ്ക്കത്തിന് സംതൃപ്തി നൽകാൻ 'മണ്ണിൽനിന്നും നാം മനുഷ്യനെ സൃഷ്ടിച്ചു' എന്ന ക്വുർആൻ വചനം തികച്ചും പര്യാപ്തമാണ്. പ്രപഞ്ചോൽപത്തി, സൃഷ്ടിപ്പിന്റെ ആരംഭം എന്നീ കാര്യങ്ങളെക്കുറിച്ച് സൂക്ഷ്മമായും സത്യസന്ധമായും പഠനം നടത്തിയാൽ അതിനുപിന്നിൽ ഒരു സ്രഷ്ടാവിനെ കണ്ടെത്താൻ കഴിയും. അതുകൊണ്ടാണ് ഇക്കാര്യത്തെക്കുറിച്ച് ഉറ്റാലോചിക്കാൻ ക്വുർആൻ നമ്മോട് ആജ്ഞാപിക്കുന്നത്. അല്ലാഹു പറയുന്നു: 'നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുക, എന്നിട്ട് സൃഷ്ടിപ്പ് എങ്ങനെ ആരംഭിച്ചു എന്ന് ആലോചിക്കുക' (ക്വുർആൻ 29:20). ■



02

# നോമ്പ്: ചില ഫത്‌വകൾ

ശൈഖ് അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാഹ് ബിൻ ബാസ്(റഹ്)

*?: യാത്രക്കാരന് നോമ്പ് അനുഷ്ഠിക്കലോ ഉപേക്ഷിക്കലോ ഏതാണ് ഉത്തമം? വിശിഷ്യാ, വിമാനങ്ങളോ മറ്റു പ്രയാസരഹിതമായ ആധുനിക യാത്രാമാർഗങ്ങളോ സ്വീകരിക്കുന്നവർക്ക്?*

! : യാത്രക്കാരന് നോമ്പ് ഉപേക്ഷിക്കുന്നതാണ് ഉത്തമമെങ്കിലും നോമ്പനുഷ്ഠിക്കുന്നതിൽ തെറ്റില്ല. രണ്ട് രൂപവും നബി(സ്വ)യും സ്വഹാബിമാരും സ്വീകരിച്ചിട്ടുണ്ട്. പക്ഷേ, അത്യുഷ്ണവും ക്ലേശവും അനുഭവപ്പെടുന്ന യാത്രയാണെങ്കിൽ നോമ്പ് ഉപേക്ഷിക്കുക തന്നെയാണ് വേണ്ടത്. ഇത്തരം സാഹചര്യത്തിൽ നോമ്പ് അനഭിലഷണീയമാണ്. യാത്രയിൽ ഒരു നോമ്പുകാരൻ അത്യുഷ്ണം നിമിത്തം തണലിലിരിക്കുന്നതായി പ്രവാചകൻ(സ്വ) കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'യാത്രയിൽ നോമ്പനുഷ്ഠിക്കൽ പുണ്യമല്ല.' മറ്റൊരിക്കൽ നബി(സ്വ) പറഞ്ഞു: 'നിശ്ചയം, നിരോധിക്കപ്പെട്ട കാര്യങ്ങൾ ചെയ്യുന്നത് അല്ലാഹു വെറുക്കുന്ന പോലെ തന്നെ, അനുവദിക്കപ്പെട്ട ഇളവുകൾ ഉപയോഗപ്പെടുത്തുന്നത് അല്ലാഹു ഇഷ്ടപ്പെടുകയും ചെയ്യുന്നു.' 'ഖണ്ഡിത നിയമങ്ങൾ പ്രാവർത്തികമാക്കുന്നത് ഇഷ്ടപ്പെടുന്നത് പോലെ' എന്നും റിപ്പോർട്ടുണ്ട്. ഒട്ടകം, ബോട്ട്, കപ്പൽ, മറ്റു മോട്ടോർ വാഹനങ്ങൾ തുടങ്ങിയവയോ, വിമാനം പോലുള്ള മറ്റു വേഗതയേറിയ യാത്രാ സൗകര്യങ്ങളോ ഉപയോഗിച്ചാലും ഈ യാത്രാ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്താ വുന്നതാണ്. യാത്രക്കാർക്കും അല്ലാത്തവർക്കും വേണ്ടി കൽപിക്കപ്പെട്ട നിയമങ്ങളും നിർദേശങ്ങളും പ്രവാചകന്റെ സമകാലീനർക്കും ലോകാന്ത്യം വരെയുള്ള എല്ലാവർക്കും ഒരുപോലെ ബാധകമാണ്. മാറിവരുന്ന സാഹചര്യങ്ങളെ പറ്റിയും യാത്രോപാധികളുടെ വൈവിധ്യങ്ങളെകുറിച്ചും നന്നായി അറിയുന്നവനാണല്ലോ അല്ലാഹു. വിധി വ്യത്യസ്തമാണെങ്കിൽ അല്ലാഹു അത് ഉണർത്തുമായിരുന്നു.

അല്ലാഹു പറയുന്നു: "എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും കീഴ്പെട്ട് ജീവിക്കുന്നവർക്ക് സന്തോഷവാർത്തയായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്" (ക്വുർആൻ 16: 89).

അല്ലാഹു വീണ്ടും പറയുന്നു: "കുതിരകളെയും കോവർകഴുതകളെയും കഴുതകളെയും (അവൻ സൃഷ്ടിച്ചിരിക്കുന്നു) അവയെ നിങ്ങൾക്ക് വാഹനമായി ഉപയോഗിക്കുവാനും അലങ്കാരത്തിന് വേണ്ടിയും. നിങ്ങൾക്കറിവില്ലാത്തതും അവൻ സൃഷ്ടിച്ചിരിക്കുന്നു" (ക്വുർആൻ 16: 8).

*?: ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും നോമ്പ് ഉപേക്ഷിക്കാമോ? ഉപേക്ഷിച്ച നോമ്പ് പിന്നീട് നോറ്റുവീട്ടേണ്ടതുണ്ടോ? പ്രായശ്ചിത്തം നിർബന്ധമുണ്ടോ?*

! : ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളും രോഗികളെപ്പോലെയാണ്. നോമ്പെടുക്കുന്നതിനു പ്രയാസമുണ്ടെങ്കിൽ ഉപേക്ഷിക്കാം. പിന്നീട് കഴിയുന്ന സമയത്ത് നോറ്റുവീട്ടണം. നഷ്ടപ്പെട്ട ഓരോ നോമ്പിനും ഓരോ അഗതിക്കു ഭക്ഷണം നൽകിയാൽ മതിയെന്ന ചില പണ്ഡിതന്മാരുടെ അഭിപ്രായം ദുർബലമാണ്. രോഗികൾ, യാത്രക്കാർ എന്നിവരെപ്പോലെ ഇവർക്കും നോറ്റുവീട്ടൽ നിർബന്ധമാണ്. ഇതാണ് ശരിയായ വീക്ഷണം അല്ലാഹു പറയുന്നു:

"നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്)" (ക്വുർആൻ 2:184).

നബി(സ്വ) പറഞ്ഞു: "നിശ്ചയം അല്ലാഹു യാത്രക്കാരന് നമസ്കാരം ചുരുക്കി നിർവഹിക്കാനും നോമ്പ് ഉപേക്ഷിക്കാനും അനുവാദം നൽകിയിരിക്കുന്നു; ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീക്കും നോമ്പ് ഉപേക്ഷിക്കാനും."

*?: നോമ്പുകാരൻ ദന്തഡോക്ടറെ സമീപിച്ചു പല്ല് ക്ലീൻ ചെയ്യുകയോ ദ്വാരംഅടക്കുകയോ പല്ലെടുക്കുകയോ ചെയ്താൽ അത് നോമ്പിനെ പ്രതികൂലമായി ബാധിക്കുമോ? പല്ല് തരിപ്പിക്കാൻ കുത്തിവെച്ചാൽ നോമ്പ് മുറിയുമോ?*

! : ചോദ്യത്തിൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾ നോമ്പിനെ അസാധുവാക്കുകയില്ല. അവയിൽ ഇളവ് അനുവദിക്കപ്പെട്ടിട്ടുണ്ട്. മരുന്നോ രക്തമോ വിഴുങ്ങുന്നത് സൂക്ഷിക്കണമെന്ന് മാത്രം. തരിപ്പിക്കാൻ കുത്തിവെക്കുന്നതും നോമ്പിനു ദോഷം വരുത്തുകയില്ല. ഇവയൊന്നും ആഹാര പാനീയങ്ങളായി കണക്കാക്കപ്പെടുന്നവയല്ലല്ലോ.

ലേഖനം



**വിധി തേടുന്ന ഹിജാബും കോടതിയിലെ വാദങ്ങളും - 20**

# വിദ്യാലയങ്ങളും മതചിഹ്നങ്ങളും

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

ഹിജാബ് കേസിൽ കർണാടകക്ക് വേണ്ടി ഹാജരായ കേന്ദ്ര സോളിസിറ്റർ ജനറൽ, കർണാടക അഡ്വക്കേറ്റ് ജനറൽ, അസിസ്റ്റന്റ് സോളിസിറ്റർ ജനറൽ തുങ്ങിയവർ വാദങ്ങൾ പൂർത്തിയാക്കിയ ശേഷം ഇന്ത്യയുടെ അറ്റോർണി ജനറൽ ആർ.വെങ്കിട്ടരമണിയാണ് ഉഡുപ്പി കോളേജിലെ ഒരു അധ്യാപകന്റെ അഭിഭാഷകനായി സുപ്രീംകോടതി രണ്ടംഗ ബെഞ്ചിന്റെ മുമ്പിൽ വാദങ്ങൾ സമർപ്പിക്കാൻ രംഗത്തുവന്നത്. 2022 സെപ്റ്റംബറിൽ വാദം നടക്കുമ്പോൾ അദ്ദേഹം അറ്റോർണി ജനറൽ ആയിരുന്നില്ല. കെ.കെ.വേണുഗോപാൽ വിരമിച്ചപ്പോൾ ഒക്ടോബർ 22നാണ് വെങ്കിട്ടരമണി അറ്റോർണി ജനറലായി സ്ഥാനമേറ്റത്.

മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വെങ്കിട്ടരമണിക്ക് പറയാനുണ്ടായിരുന്നത്. മതസ്വാതന്ത്ര്യം (Freedom of religion), അഭിപ്രായ സ്വാതന്ത്ര്യം (Freedom of expression) എന്നിവ തമ്മിലുള്ള ബന്ധവും ബന്ധവിച്ഛേദവും അവതരിപ്പിച്ച് വളരെ വിരസമായ വാദങ്ങളിലൂടെയാണ് അദ്ദേഹം സംസാരം തുടങ്ങിയത്. മതസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും തമ്മിലുള്ള വിഭജനരേഖ നേർത്തതായിരിക്കാമെങ്കിലും അവ രണ്ടും രണ്ടാണെന്നും ഒന്ന് മറ്റൊന്നിലേക്ക് പ്രവേശിക്കാൻ പാടില്ലെന്നുമാണ് അദ്ദേഹത്തിന്റെ പ്രാരംഭ സംസാരത്തിൽ കേട്ടത്. അഭിപ്രായ സ്വാതന്ത്ര്യത്തിൽ മതസ്വാതന്ത്ര്യം ഉൾപ്പെടുന്നുണ്ടെങ്കിൽ പിന്നെന്തിനാണ് മറുവിഭാഗം അഭിപ്രായസ്വാതന്ത്ര്യത്തെ പ്രത്യേകമായി ഉദ്ധരിക്കുന്നത് എന്ന് അദ്ദേഹം ചോദിച്ചപ്പോൾ വാദങ്ങൾ കുറച്ചുകൂടി ലളിതമാക്കാൻ ജസ്റ്റിസ് ധൂലിയ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. തുടർന്ന് അരങ്ങേറിയത് ജസ്റ്റിസ് ധൂലിയയും വെങ്കിട്ടരമണിയും തമ്മിലുള്ള ശക്തമായ വാദപ്രതിവാദമാണ്.

**ജസ്റ്റിസ് ധൂലിയ /വെങ്കിട്ടരമണി സംവാദം**

*വെങ്കിട്ടരമണി:* 'ഞാനിവിടെ സന്നിഹിതനായത് ഒരു അധ്യാപകനു വേണ്ടിയാണ്. വിദ്യാലയങ്ങളിൽ അധ്യാപകനും വിദ്യാർഥിക്കും ഇടയിൽ മതിലുകളില്ലാതെ അറിവിന്റെ കൈമാറ്റം സംഭവിക്കണം. വിദ്യാലയം സവിശേഷമായ പൊതു ഇടമാണ്. അനുച്ഛേദം 19ൽ മൗലികാവകാശങ്ങ

ളുടെ നിയന്ത്രണമായി പറയുന്ന Public Order എന്ന ആശയത്തിന് വിദ്യാലയങ്ങളുടെ പശ്ചാത്തലത്തിൽ വ്യത്യസ്തമായ അർഥമാണുള്ളത്.'

*ജസ്റ്റിസ് ധൂലിയ:* 'മൗലികാവകാശങ്ങളിൽപെട്ട അഭിപ്രായസ്വാതന്ത്ര്യം വിദ്യാലയങ്ങൾക്ക് പുറത്ത് മാത്രമാണ് ലഭിക്കുക എന്നും വിദ്യാലയങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ അത് ചുരുങ്ങും എന്നുമാണോ താങ്കൾ പറഞ്ഞുവരുന്നത്? എന്താണ് താങ്കളുടെ അധ്യാപകന്റെ പോയിന്റ്? ശിരോവസ്ത്രം വിദ്യാർഥികൾക്കിടയിൽ വേർതിരിവ് ഉണ്ടാക്കുന്നു എന്നാണോ?'

*വെങ്കട്ടരമണി:* 'അഭിപ്രായസ്വാതന്ത്ര്യം വിദ്യാലയങ്ങളിൽ ചുരുങ്ങുമെന്ന് മാത്രമല്ല, അതിന് മറ്റൊരു രൂപമാണ് വിദ്യാലയങ്ങളിൽ കൈവരിക. മത അടയാളങ്ങളുടെ പേരിൽ വേർതിരിവില്ലാത്ത, അവയുടെ ശല്യമില്ലാത്ത ഒരു അന്തരീക്ഷം വിദ്യാലയങ്ങളിൽ ഉണ്ടായിരിക്കണം എന്നതാണ് അധ്യാപകൻ ഉയർത്തുന്ന പോയിന്റ്.'

*ജസ്റ്റിസ് ധൂലിയ:* 'അത് അധ്യാപകന്റെ കാഴ്ചപ്പാടിനനുസരിച്ച് മാറില്ലേ? രാജ്യത്തിന്റെ മതവൈവിധ്യത്തെ കുറിച്ച് പറഞ്ഞുകൊടുക്കാനുള്ള അവസരമായി ഇതിനെ മറ്റൊരു അധ്യാപകന് കാണാൻ സാധിക്കുമല്ലോ? ഇങ്ങനെയാണ് നമ്മുടെ രാജ്യം, വിവിധ മതങ്ങൾ, വിവിധ വേഷങ്ങൾ എന്നിങ്ങനെയുള്ള മതവൈവിധ്യത്തെ കുറിച്ചല്ലേ അധ്യാപകൻ പറഞ്ഞുകൊടുക്കേണ്ടത്?'

*വെങ്കിട്ടരമണി:* 'മതസ്വത്വങ്ങളുടെ സാന്നിധ്യത്തിൽ എങ്ങനെയാണ് ഒരു വിദ്യാലയത്തിൽ മൂല്യങ്ങൾ വളർത്തിയെടുക്കാൻ സാധിക്കുക? ഒരു വിഭാഗത്തിന് അവകാശം നൽകുമ്പോൾ കൂടുതൽ കൂടുതൽ അവകാശവാദങ്ങൾ വിദ്യാലയ പരിസരങ്ങളിൽ കടന്നുവരില്ലേ? എവിടെ നമുക്ക് നിയന്ത്രണരേഖ വരക്കാൻ സാധിക്കും?'

> **വിദ്യാലയങ്ങളിൽ നിന്ന് വിദ്യാർഥികൾ പുറത്തുവരുമ്പോൾ, അവർ ലോകത്തെ അഭിമുഖീകരിക്കാൻ തുടങ്ങുമ്പോൾ, വ്യത്യസ്ത സംസ്കാരങ്ങളെയും മതങ്ങളെയും ഉൾക്കൊള്ളാൻ അവർക്കെങ്ങനെ സാധിക്കും? സംസ്കാരം, വസ്ത്രം, ഭക്ഷണം തുടങ്ങിയ കാര്യങ്ങളിലെല്ലാമുള്ള വൈവിധ്യങ്ങളെ പരിശീലിപ്പിക്കാൻ വിദ്യാലയങ്ങളിൽ വിവിധ സാംസ്കാരിക രീതികൾ ഉണ്ടാവുന്നതല്ലേ നല്ലത്? അതൊരു നല്ല അവസരമായിട്ടല്ലേ കാണേണ്ടത്? അങ്ങനെയും ഒരു കാഴ്ചപ്പാട് അധ്യാപകർക്ക് ഉണ്ടായിക്കൂടേ?'**

*ജസ്റ്റിസ് ധൂലിയ:* 'താങ്കളുടെ വീക്ഷണപ്രകാരം വിദ്യാർഥികളിൽ എങ്ങനെയാണ് കാഴ്ചപ്പാടുകൾ വളർത്തിയെടുക്കാൻ സാധിക്കുക? വിദ്യാലയങ്ങളിൽനിന്ന് അവർ പുറത്തുവരുമ്പോൾ, അവർ ലോകത്തെ അഭിമുഖീകരിക്കാൻ തുടങ്ങുമ്പോൾ, വ്യത്യസ്ത സംസ്കാരങ്ങളെയും മതങ്ങളെയും ഉൾക്കൊള്ളാൻ അവർക്കെങ്ങനെ സാധിക്കും? സംസ്കാരം, വസ്ത്രം, ഭക്ഷണം തുടങ്ങിയ കാര്യങ്ങളിലെല്ലാമുള്ള വൈവിധ്യങ്ങളെ പരിശീലിപ്പിക്കാൻ വിദ്യാലയങ്ങളിൽ വിവിധ സാംസ്കാരിക രീതികൾ ഉണ്ടാവുന്നതല്ലേ നല്ലത്? അതൊരു നല്ല അവസരമായിട്ടല്ലേ കാണേണ്ടത്? അങ്ങനെയും ഒരു കാഴ്ചപ്പാട് അധ്യാപകർക്ക് ഉണ്ടായിക്കൂടേ?'

*വെങ്കിട്ടരമണി:* 'മതസ്വത്വ അടയാളങ്ങളുടെ അഭാവമാണ് വൈവിധ്യത്തെക്കുറിച്ചുള്ള മൂല്യങ്ങൾ ഊട്ടിയുറപ്പിക്കാൻ ഉതകുന്ന ഏറ്റവും നല്ല അന്തരീക്ഷം എന്നാണ് എനിക്ക് പറയാനുള്ളത്.'

*ജസ്റ്റിസ് ധൂലിയ:* 'ഇവിടെ ഒരു മതവിഭാഗവും മതസ്വാതന്ത്ര്യം അനുഭവിക്കുന്നതിന്റെ പേരിൽ അധീശത്വം (Superiortiy) അവകാശപ്പെടുന്നില്ല.'

*വെങ്കിട്ടരമണി:* 'മത അടയാളങ്ങൾ അനുവദിച്ചുകൊടുത്താൽ അവർ അധീശത്വം അവകാശപ്പെട്ടു തുടങ്ങും.'

*ജസ്റ്റിസ് ധൂലിയ:* 'അപ്പോൾ മതവേഷങ്ങൾ താങ്കൾ പ്രതിനിധാനം ചെയ്യുന്ന അധ്യാപകന് ശല്യമാവുന്നു എന്നത് മാത്രമാണ് താങ്കളുടെ പോയിന്റ് എന്ന് മനസ്സിലായി.'

സത്യത്തിൽ ജസ്റ്റിസ് ധൂലിയയുടെ ചോദ്യങ്ങൾക്ക് മുമ്പിൽ വെങ്കിട്ടരമണിക്ക് പിടിച്ചുനിൽക്കാനായില്ല. മതേതര സങ്കൽപങ്ങളെ കുറിച്ചും മതവൈവിധ്യങ്ങളെ കുറിച്ചും വിദ്യാലയങ്ങളിൽ പഠിപ്പിക്കുവാനും എല്ലാ മതവിഭാഗങ്ങളെയും അവരുടെ സാംസ്കാരികരീതികളെയും ബഹുമാനിക്കുവാനുമാണ് വിദ്യാലയങ്ങളിൽ പഠിപ്പിക്കേണ്ടത് എന്ന ജസ്റ്റിസ് ധൂലിയയുടെ പരാമർശം നിലവിലെ അറ്റോർണി ജനറലിന് ഒരു വലിയ പ്രഹരമായിരുന്നു.

**മനസ്സാക്ഷി സ്വാതന്ത്ര്യവും ശിരോവസ്ത്രവും**

വിദ്യാലയങ്ങളിലെ വസ്ത്രരീതികളിൽ ഏകസ്വഭാവം വേണമെന്ന അദ്ദേഹത്തിന്റെ വാദത്തെ കോടതി മുഖവിലക്കെടുക്കുന്നില്ല എന്നു കണ്ടപ്പോൾ അദ്ദേഹം 'മനസ്സാക്ഷി സ്വാതന്ത്ര്യ'ത്തിലേക്ക് (Freedom of conscience) പ്രവേശിച്ചു. മനസ്സാക്ഷി സ്വാതന്ത്ര്യത്തിന് മതവുമായി ബന്ധമില്ലെന്നും ദേശീയഗാനവുമായി ബന്ധപ്പെട്ട ബിജോയ് ഇമ്മാനുവൽ കേസിൽ കോടതി ദേശീയഗാനം ചൊല്ലേണ്ടതില്ല എന്ന വിധി നൽകിയത് മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണെന്നും അതിൽ മതപരമായി യാതൊന്നുമില്ലെന്നുമാണ്

വെങ്കിട്ടരമണിയുടെ കണ്ടുപിടുത്തം. ഓരോ വ്യക്തിയുടെയും ധാർമിക ബോധ്യത്തെ (Ethical disposition) മാത്രമെ മനസ്സാക്ഷിയായി കരുതാൻ സാധിക്കൂ. ശിരോവസ്ത്ര വിഷയത്തിൽ വ്യക്തിപരമായി സ്വീകരിക്കുന്ന ധാർമിക ബോധ്യമല്ല, മറിച്ച് മതത്തിന്റെ നിർദേശം മാത്രമാണ് പ്രവർത്തിക്കുന്നത്. ഖുർആനിക വചനങ്ങൾ മാത്രമാണ് അവർ ഉദ്ധരിക്കുന്നത്. അതിൽ മനസ്സാക്ഷിയുമായി ബന്ധപ്പെട്ട യാതൊരു ഘടകവുമില്ല എന്നിങ്ങനെയായിരുന്നു വെങ്കിട്ടരമണിയുടെ വാദങ്ങൾ.

**‘ഇമ്മാനുവൽ കേസി’നെ തെറ്റിദ്ധരിപ്പിക്കുന്നു**

രാജ്യത്തിന്റെ അറ്റോർണി ജനറൽ സ്ഥാനത്തിരിക്കുന്ന പ്രമുഖനായ നിയമവിദഗ്ധൻ എത്ര വിദഗ്ധമായാണ് ഭരണഘടനയെയും മുൻ സുപ്രീം കോടതി വിധികളെയും തെറ്റിദ്ധരിപ്പിക്കുന്നത് എന്ന് നോക്കുക. പ്രസിദ്ധമായ ബിജോയ് ഇമ്മാനുവൽ കേസ് ഇന്ന് ഇന്ത്യയിലെ ഏതൊരു വിദ്യാർഥിക്ക് പോലും മനഃപാഠമാണ്. ദേശീയഗാനത്തിൽ തങ്ങളുടെ മതവിശ്വാസത്തിന് നിരക്കാത്ത ഭാഗങ്ങളുണ്ട് എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് യഹോവാസാക്ഷി വിഭാഗത്തിൽപെട്ട വിദ്യാർഥികൾ കോടതിയെ സമീപിച്ചത്. ദേശീയഗാനം ചൊല്ലാത്തതിന്റെ പേരിൽ വിദ്യാർഥികളെ പുറത്താക്കിയ നടപടി ഭരണഘടനയുടെ 19(1)എ 25(1) എന്നീ രണ്ടു അനുച്ഛേദങ്ങളുടെ ലംഘനമാണ് എന്നാണ് സുപ്രീംകോടതി ചൂണ്ടിക്കാട്ടിയത്. ഇതിൽ 25(1) അനുച്ഛേദത്തിൽ പറയുന്നത് ഇങ്ങനെ വായിക്കാം: ‘പൊതുസമാധാനത്തിനും സാന്മാർഗികതക്കും ആരോഗ്യത്തിനും ഈ ഭാഗത്തിലെ മറ്റു വ്യവസ്ഥകൾക്കും വിധേയമായി, എല്ലാ ആളുകളും മനസ്സാക്ഷി സ്വാതന്ത്ര്യത്തിനും ‘സ്വതന്ത്രമായി മതം വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ‘ഉള്ള സ്വാതന്ത്ര്യത്തിനും ഒരുപോലെ അവകാശമുള്ളവരാകുന്നു.’

**മനസ്സാക്ഷി മാത്രമല്ല മതത്തിന്റെ പേരിലുള്ള വിശ്വാസം, ആചാരം, പ്രചാരണം തുടങ്ങിയ മൗലികാവകാശങ്ങൾ കൂടി അംഗീകരിച്ചുകൊണ്ടാണ് കോടതി വിധി പ്രസ്താവിച്ചിട്ടുള്ളത്. ശിരോവസ്ത്ര വിഷയത്തിൽ വിദ്യാർഥിനികൾ ക്വുർആനിക വചനങ്ങളുടെ അടിസ്ഥാനത്തിലാണ് വാദം കൊണ്ടുവരുന്നത് എന്നും എന്നാൽ ദേശീയഗാന വിഷയത്തിൽ യഹോവ സാക്ഷികൾ മനസ്സാക്ഷിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് വാദിച്ചത് എന്നും പറയുന്നത് ശുദ്ധ തട്ടിപ്പാണ്.**

കേവലം മനസ്സാക്ഷിയെ ആധാരമാക്കിയാണ് യഹോവ സാക്ഷികൾക്ക് അനുകൂലമായ വിധി സുപ്രീംകോടതി നൽകിയത് എന്ന വെങ്കിട്ടരമണിയുടെ വാദം ഇവിടെ പൊളിയുകയാണ്. മനസ്സാക്ഷി മാത്രമല്ല മതത്തിന്റെ പേരിലുള്ള വിശ്വാസം, ആചാരം, പ്രചാരണം തുടങ്ങിയ മൗലികാവകാശങ്ങൾ കൂടി അംഗീകരിച്ചുകൊണ്ടാണ് കോടതി വിധിപ്രസ്താവിച്ചിട്ടുള്ളത്. ശിരോവസ്ത്ര വിഷയത്തിൽ വിദ്യാർഥിനികൾ ക്വുർആനിക വചനങ്ങളുടെ അടിസ്ഥാനത്തിലാണ് വാദം കൊണ്ടുവരുന്നത് എന്നും എന്നാൽ ദേശീയഗാന വിഷയത്തിൽ യഹോവ സാക്ഷികൾ മനസ്സാക്ഷിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് വാദിച്ചത് എന്നും പറയുന്നത് ശുദ്ധ തട്ടിപ്പാണ്. സുപ്രീംകോടതിയിൽ യഹോവ സാക്ഷികൾ സമർപ്പിച്ച വാദങ്ങളിൽ ഇങ്ങനെ കാണാം: “Jehovah’s Witnesses are an association ... who regard the literal interpretation of the Bible as Fundamental to proper religious beliefs.” (ബൈബിളിന്റെ അക്ഷരീയ വ്യാഖ്യാനം ശരിയായ മതവിശ്വാസങ്ങൾക്ക് അടിസ്ഥാനമാണെന്ന് കരുതുന്ന കൂട്ടായ്മയാണ് യഹോവ സാക്ഷികൾ). അവർ മനസ്സാക്ഷിയെയല്ല, മറിച്ച് ബൈബിളിനെ അടിസ്ഥാനപ്പെടുത്തിയാണ് വാദങ്ങൾ സമർപ്പിച്ചത് എന്ന് ഇതിൽനിന്നും വ്യക്തമാണ്. ബൈബിളാണ് അവരുടെ മനസ്സാക്ഷിക്ക് ബോധ്യമായത്. ശിരോവസ്ത്ര വിഷയത്തിൽ ക്വുർആനാണ് മുസ്‌ലിം വിദ്യാർഥിനികളുടെ മനസ്സാക്ഷിക്ക് ബോധ്യമായത് എന്ന വ്യത്യാസം മാത്രമേയുള്ളൂ.

**‘ബിജോയ് കേസ്’ നൽകിയ സന്ദേശം**

എല്ലാ മതവിശ്വാസത്തെയും സംസ്കാരത്തെയും അംഗീകരിക്കണം എന്ന സന്ദേശമാണ് ബിജോയ് ഇമ്മാനുവൽ കേസ് വിധി നൽകുന്ന സന്ദേശം. വിധിയുടെ അവസാന വാചകങ്ങൾ ഇങ്ങനെയാണ് “We only wish to add: Our tradition teaches tolerance; our philosophy preaches tolerance; our constitution practices tolerance; let us not dilute it.’ (ഒരു കാര്യം മാത്രം കൂട്ടിച്ചേർക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു: നമ്മുടെ പാരമ്പര്യം സഹിഷ്ണുതയാണ് പഠിപ്പിക്കുന്നത്; നമ്മുടെ തത്ത്വശാസ്ത്രം സഹിഷ്ണുതയെയാണ് ഉപദേശിക്കുന്നത്; നമ്മുടെ ഭരണഘടന സഹിഷ്ണുതയാണ് പ്രയോഗവത്കരിക്കുന്നത്; നാം അതിനെ ഒരിക്കലും നേർപ്പിക്കാൻ പാടില്ല.’

*(അടുത്ത ലക്കത്തിൽ: സർക്കാർ അഭിഭാഷകർക്ക് നിയമ വിദഗ്ധരുടെ മറുപടി)*



# വിശുദ്ധ ക്വുർആൻ പ്രപഞ്ച സ്രഷ്ടാവിന്റെ സന്ദേശം

**മറ്റു ദൂതന്മാർക്ക് നൽകപ്പെട്ട ദൈവികഗ്രന്ഥങ്ങൾ ഓരോ പ്രത്യേക കാലഘട്ടങ്ങളിലേക്കും പ്രത്യേക സമൂഹങ്ങളിലേക്കും മാത്രമായി ഇറക്കപ്പെട്ടതായിരുന്നു. ആ കാലഘട്ടങ്ങൾക്ക് ശേഷം അവയുടെ ദൗത്യമവസാനിച്ചു. പിൽകാലക്കാരായ മനുഷ്യർ ആ വേദഗ്രന്ഥങ്ങളിൽ അവരുടെ താൽപര്യത്തിനനുസരിച്ച് പലതും കൂട്ടിച്ചേർത്തു. പലതും ഒഴിവാക്കി. എന്നാൽ ലോകാവസാനം വരെയുള്ള സർവ മനുഷ്യർക്കുമായി ലോകരക്ഷിതാവ് അവതരിപ്പിച്ച വേദഗ്രന്ഥമെന്ന നിലയിൽ അതിന്റെ സംരക്ഷണ ചുമതല അവൻ തന്നെ ഏറ്റെടുക്കുകയും ചെയ്തു:**

**ശമീർ മദീനി**
: 9048 221 212

നമുക്ക് ജീവൻ നൽകിയ, ശ്വസിക്കുവാൻ വായുവും കുടിക്കുവാൻ വെള്ളവും നൽകിയ, വാസയോഗ്യമായ നിലയിൽ ഭൂമിയെ സംവിധാനിച്ച കരുണാവാരിധിയായ നമ്മുടെ സ്രഷ്ടാവ് അവന്റെ പക്കൽനിന്നുള്ള കുറ്റമറ്റ മാർഗനിർദേശങ്ങളുമായി കാലാകാലങ്ങളിൽ നിരവധി ദൂതന്മാരെ നിയോഗിച്ചയച്ചു. എന്താണ് നമ്മുടെ ജീവിത ലക്ഷ്യമെന്നും എന്താണ് നന്മ-തിന്മകളെന്നും നാം എങ്ങനെ ജീവിക്കണമെന്നും അവരിലൂടെ കാരുണ്യവാനായ നമ്മുടെ സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു.

“സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതന്മാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതി

രിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (4:165).

ദൈവനിയുക്തരായ ആ പ്രവാചക ശൃംഖലയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് നബി (സ്വ). അന്തിമ വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. ദൈവവചനമാകുന്ന ക്വുർആനും അതിന്റെ പ്രായോഗിക വിവരണമായ പ്രവാചക ജീവിതവും അഥവാ സുന്നത്തുമാണ് മനുഷ്യരാശിക്കു മുന്നിൽ മോക്ഷത്തിനുള്ള മാർഗമായി ശേഷിക്കുന്നത്.

മുഹമ്മദ് നബി(സ്വ) പറയുന്നു: "എന്റെയും എനിക്ക് മുമ്പുള്ള പ്രവാചകന്മാരുടെയും ഉപമ ഇപ്രകാരമാണ്: ഒരാൾ ഒരു മന്ദിരം നിർമിച്ചു. അതിനെ വളരെ സുന്ദരവും സുഭഗവുമാക്കി. ഒരു മൂലക്കല്ലിന്റെ സ്ഥാനം ഒഴിവാക്കിവച്ചു. ജനങ്ങളതിനെ ചുറ്റിനടന്ന് കാണുകയും അതിന്റെ ഭംഗി കണ്ട് അത്ഭുതം കൂറുകയും ചെയ്തു. എന്തുകൊണ്ട് ഈ കല്ലുകൂടി വെച്ചില്ല എന്നവർ പറയുകയുണ്ടായി. ഞാനത്രെ ആ കല്ല്. ഞാൻ അന്ത്യപ്രവാചകനാണ്" (ബുഖാരി, മുസ്‌ലിം).

ആ പ്രവാചകനും ആ വേദഗ്രന്ഥവും ഏതെങ്കിലും ഒരു പ്രത്യേക ജനവിഭാഗത്തിലേക്കുള്ളതല്ല: "പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾ നേർമാർഗം പ്രാപിക്കാം" (7:158).

"നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല" (34:28).

"തന്റെ ദാസന്റെ മേൽ സത്യാസത്യ വിവേചനത്തിനുള്ള പ്രമാണം (ക്വുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനു വേണ്ടിയത്രെ അത്" (25:1).

**ക്വുർആൻ ദൈവികമോ?**

മറ്റു ദൂതന്മാർക്ക് നൽകപ്പെട്ട ദൈവികഗ്രന്ഥങ്ങൾ ഓരോ പ്രത്യേക കാലഘട്ടങ്ങളിലേക്കും പ്രത്യേക സമൂഹങ്ങളിലേക്കും മാത്രമായി ഇറക്കപ്പെട്ടതായിരുന്നു. ആ കാലഘട്ടങ്ങൾക്ക് ശേഷം അവയുടെ ദൗത്യമവസാനിച്ചു. പിൽകാലക്കാരായ മനുഷ്യർ ആ വേദഗ്രന്ഥങ്ങളിൽ അവരുടെ താൽപര്യത്തിനനുസരിച്ച് പലതും കൂട്ടിച്ചേർത്തു. പലതും ഒഴിവാക്കി. എന്നാൽ ലോകാവസാനം വരെയുള്ള സർവ മനുഷ്യർക്കുമായി ലോകരക്ഷിതാവ് അവതരിപ്പിച്ച വേദഗ്രന്ഥമെന്ന നിലയിൽ അതിന്റെ സംരക്ഷണ ചുമതല അവൻ തന്നെ ഏറ്റെടുക്കുകയും ചെയ്തു:

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (15:9).

മുൻ വേദഗ്രന്ഥങ്ങളെ ശരിവെച്ചും അവയുടെ അടിസ്ഥാനാശയങ്ങളെ സംരക്ഷിച്ചുകൊണ്ടും ക്വുർആൻ കൃത്യമായ മാർഗദർശക ഗ്രന്ഥമായി ഇന്നും നിലകൊള്ളുന്നു.

"(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്..." (5:48)

വിശുദ്ധ ക്വുർആനിന്റെ ദൈവികതയിൽ സംശയമുന്നയിക്കുന്നവരോട് സത്യസന്ധമായ അന്വേഷണത്തിനും പരിശോധനക്കും തയ്യാറാകുവാനും അതിനെ നിഷ്പക്ഷവും സത്യസന്ധവുമായ പഠനത്തിന് വിധേയമാക്കുവാനുമാണ് ക്വുർആൻ ആവശ്യപ്പെടുന്നത്.

**ദൈവികമെന്ന് സ്വയം അവകാശപ്പെടുന്ന ഏക ഗ്രന്ഥം:**

ലോകത്ത് നിരവധി ഗ്രന്ഥങ്ങളുണ്ട്. അവയിൽ ഒന്ന് പോലും ദൈവിക ഗ്രന്ഥമാമെന്ന് സ്വയം അവകാശപ്പെടുന്നില്ല. എന്നാൽ ക്വുർആനാകട്ടെ ലോകസ്രഷ്ടാവായ അല്ലാഹുവിൽനിന്ന് അവതീർണമായ താണെന്ന് ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുന്നുണ്ട്:

"അലിഫ്‌ലാംറാ. സ്പഷ്ടമായ വേദഗ്രന്ഥത്തിലെ വചനങ്ങളാകുന്നു അവ. നിങ്ങൾ ഗ്രഹിക്കുന്നതിന് വേണ്ടി അത് അറബിഭാ

**കാലഹരണപ്പെട്ടു പോകാതെ സാഹിത്യസമ്പുഷ്ടത കൊണ്ടും ആശയ വൈപുല്യംകൊണ്ടും നിത്യനൂതനത്വം തുളുമ്പുന്നതാണ് വിശുദ്ധ ക്വുർആനിന്റെ സൂക്തങ്ങൾ. നിത്യവും ആവർത്തിച്ച് കേട്ടാലും ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്താലും അതിനോട് ഒരു മടുപ്പോ വെറുപ്പോ വിശ്വാസികൾക്ക് ഉണ്ടാകുന്നില്ലെന്നതും ശ്രദ്ധേയമാണ്. പതിനാല് നൂറ്റാണ്ട് പിന്നിട്ടിട്ടും അതിലെ ഏതെങ്കിലും ഒരു പരാമർശം പോലും അബദ്ധമാണെന്ന് വസ്തുനിഷ്ഠമായി ചൂണ്ടിക്കാണിക്കാൻ അതിന്റെ എതിരാളികൾക്ക് സാധിച്ചിട്ടില്ല.**

ഷയിൽ വായിക്കപ്പെടുന്ന ഒരു പ്രമാണമായി അവതരിപ്പിച്ചിരിക്കുന്നു" (12:1-2)

"അലിഫ്‌ലാംറാ. മനുഷ്യരെ അവന്റെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്" (14-1).

**ഖുർആൻ വെല്ലുവിളിക്കുന്നു**

നിരക്ഷരനായ പ്രവാചകൻ (സ്വ) ഖുർആനിന്റെ ദൈവികത നിഷേധിച്ച, വലിയസാഹിത്യകാരന്മാരടങ്ങുന്ന ശത്രുപക്ഷത്തോട്, നിങ്ങളെല്ലാവരും ഒത്തുചേർന്ന് ഇതുപോലെ ഒരു ഗ്രന്ഥം കൊണ്ടുവരാൻ കഴിയുമെങ്കൽ കൊണ്ടുവരൂ എന്ന് വെല്ലുവിളിച്ചു.

"(നബിയേ,) പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ടുവരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും" (17:88)

അതിന് സാധ്യമല്ലെങ്കിൽ പത്ത് അധ്യായമെങ്കിലും കൊണ്ടുവരൂ എന്ന് ആവർത്തിച്ചു വെല്ലുവിളിച്ചു:

"അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപേലെയുള്ള പത്ത് അധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ട്‌വരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ" (11:13).

അതിനും സാധ്യമല്ലെങ്കിൽ കേവലം ഒരൊറ്റ അധ്യായമെങ്കിലും കൊണ്ടുവരുവാൻ ഖുർആൻ ആവശ്യപ്പെട്ടു:

"നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ഖുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റെത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതാണല്ലോ വേണ്ടത്)" (2:23)

പതിനാലു നൂറ്റാണ്ടുകളായി ശത്രുക്കളുടെ കർണപുടങ്ങളിൽ അലയടിക്കുന്ന ഈ വെല്ലുവിളി ഏറ്റെടുക്കുവാൻ ഇതുവരെയും ഖുർആനിന്റെ എതിരാളികൾക്ക് സാധിച്ചിട്ടില്ല എന്നത് അതിന്റെ ദൈവികത വിളിച്ചറിയിക്കുന്ന യാഥാർഥ്യമാണ്.

**നൂറ്റാണ്ടുകളെ അതിജയിച്ച ഗ്രന്ഥം**

കാലഹരണപ്പെട്ടു പോകാതെ സാഹിത്യസമ്പുഷ്ടത കൊണ്ടും ആശയ വൈപുല്യംകൊണ്ടും നിത്യനൂതനത്വം തുളുമ്പുന്നതാണ് വിശുദ്ധ ഖുർആനിന്റെ സൂക്തങ്ങൾ. നിത്യവും ആവർത്തിച്ച് കേട്ടാലും ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്താലും അതിനോട് ഒരു മടുപ്പോ വെറുപ്പോ വിശ്വാസികൾക്ക് ഉണ്ടാകുന്നില്ലെന്നതും ശ്രദ്ധേയമാണ്. പതിനാല് നൂറ്റാണ്ട് പിന്നിട്ടിട്ടും അതിലെ ഏതെങ്കിലും ഒരു പരാമർശം പോലും അബദ്ധമാണെന്ന് വസ്തുനിഷ്ഠമായി ചൂണ്ടിക്കാണിക്കാൻ അതിന്റെ എതിരാളികൾക്ക് സാധിച്ചിട്ടില്ല.

വിശ്വസ്തനായ ജിബ്‌രീൽ എന്ന മലക്ക് മുഖേന അല്ലാഹുവിൽ നിന്ന് ലഭിച്ച സന്ദേശങ്ങളാണ് ഖുർആൻ എന്ന അതിന്റെ അവകാശവാദത്തെ സത്യപ്പെടുത്തുന്നതാണ് നാം നേരിട്ടനുഭവിക്കുന്ന ഈ യാഥാർഥ്യവും.

"തീർച്ചയായും ഇത് (ഖുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്‌രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു; നിന്റെ ഹൃദയത്തിൽ. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്)" (26:192-195).

(തുടരും)



അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 42

# സൂറ: അശ്ശൂറാ

(കൂടിയാലോചന)

(മക്കയിൽ അവതരിച്ചത്)

لِّلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ يَخْلُقُ مَا
يَشَآءُ ۚ يَهَبُ لِمَن يَشَآءُ إِنَٰثًا وَيَهَبُ لِمَن
يَشَآءُ ٱلذُّكُورَ ﴿٤٩﴾

أَوْ يُزَوِّجُهُمْ ذُكْرَانًا وَإِنَٰثًا ۖ وَيَجْعَلُ مَن يَشَآءُ
عَقِيمًا ۚ إِنَّهُۥ عَلِيمٌ قَدِيرٌ ﴿٥٠﴾

وَمَا كَانَ لِبَشَرٍ أَن يُكَلِّمَهُ ٱللَّهُ إِلَّا وَحْيًا أَوْ
مِن وَرَآئِ حِجَابٍ أَوْ يُرْسِلَ رَسُولًا فَيُوحِىَ
بِإِذْنِهِۦ مَا يَشَآءُ ۚ إِنَّهُۥ عَلِىٌّ حَكِيمٌ ﴿٥١﴾

وَكَذَٰلِكَ أَوْحَيْنَآ إِلَيْكَ رُوحًا مِّنْ أَمْرِنَا ۚ مَا كُنتَ
تَدْرِى مَا ٱلْكِتَٰبُ وَلَا ٱلْإِيمَٰنُ وَلَٰكِن جَعَلْنَٰهُ
نُورًا نَّهْدِى بِهِۦ مَن نَّشَآءُ مِنْ عِبَادِنَا ۚ وَإِنَّكَ
لَتَهْدِىٓ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٥٢﴾

صِرَٰطِ ٱللَّهِ ٱلَّذِى لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى
ٱلْأَرْضِ ۗ أَلَآ إِلَى ٱللَّهِ تَصِيرُ ٱلْأُمُورُ ﴿٥٣﴾

49. അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു.

50. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തി കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു.

51. (നേരിട്ടുള്ള) ഒരു ബോധനം എന്ന നിലയിലോ ഒരു മറയുടെ പിന്നിൽ നിന്നായിക്കൊണ്ടോ, ഒരു ദൂതനെ അയച്ച് അല്ലാഹുവിന്റെ അനുവാദ പ്രകാരം അവൻ ഉദ്ദേശിക്കുന്നത് അദ്ദേഹം (ദൂതൻ) ബോധനം നൽകുക എന്ന നിലയിലോ അല്ലാതെ അല്ലാഹു തന്നോട് സംസാരിക്കുക എന്ന കാര്യം യാതൊരു മനുഷ്യന്നും ഉണ്ടാവുകയില്ല. തീർച്ചയായും അവൻ ഉന്നതനും യുക്തിമാനുമാകുന്നു.

52. അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷേ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴി കാണിക്കുന്നു. തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്.

53. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും ഏതൊരുവന്നുള്ളതാണോ ആ അല്ലാഹുവിന്റെ പാതയിലേക്ക്. ശ്രദ്ധിക്കുക; അല്ലാഹുവിലേക്കാകുന്നു കാര്യങ്ങൾ ചെന്നെത്തുന്നത്.

49). അല്ലാഹുവിന്റെ ആധിപത്യത്തിന്റെ വിശാലതയാണ് ഇവിടെ അല്ലാഹു പരാമർശിക്കുന്നത്; തന്റെ സൃഷ്ടികളിൽ അവനുദ്ദേശിക്കുന്ന പ്രകാരം അധികാരം വിനിയോഗിക്കുന്നതിനെക്കുറിച്ചും മുഴുവൻ കാര്യങ്ങളിലുമുള്ള അവന്റെ നിയന്ത്രണത്തെക്കുറിച്ചും. പൊതുവായി കാര്യങ്ങളുടെ നിയന്ത്രണത്തിൽ, തന്റെ സൃഷ്ടികളിൽ നടപ്പാക്കുന്നത് തന്റെ ദാസന്മാരുമായി ബന്ധപ്പെട്ട കാരണങ്ങൾ മുഖേനയാണ്. വിവാഹമെന്നത് മക്കളുണ്ടാകാനുള്ള കാരണമാണ്. എന്നാൽ മക്കളെ താനുദ്ദേശിക്കുന്നവർക്ക് അവൻ നൽകുന്നു.

50). അവന്റെ സൃഷ്ടിപ്പിൽപെട്ടതാണ് അവനുദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ നൽകുന്നത്. അവൻ ആൺമക്കളെ നൽകുന്നവരുമുണ്ട്. ചിലർക്ക് ഇടകലർന്നാണ് നൽകുന്നത്. സന്താനങ്ങളില്ലാതെ ഷണ്ഡരാക്കപ്പെടുന്നവരും അവരുടെ കൂട്ടത്തിലുണ്ട്. (തീർച്ചയായും അവൻ സർവജ്ഞനും) എല്ലാറ്റിനെക്കുറിച്ചും (സർവശക്തനുമാകുന്നു) എല്ലാകാര്യത്തിനും. അതിനാൽ കാര്യങ്ങളെ തന്റെ അറിവുകൊണ്ടും സൂക്ഷ്മമായ കഴിവുകൊണ്ടും അവൻ കൈകാര്യം ചെയ്യുന്നു.

51). നിഷേധികൾ അല്ലാഹുവിനെ കളവാക്കിക്കൊണ്ട് പ്രവാചകന്മാരോട് പറഞ്ഞു:

لَوْلَا يُكَلِّمُنَا ٱللَّهُ أَوْ تَأْتِينَآ ءَايَةٌ

“എന്തുകൊണ്ട് ഞങ്ങളോട് അല്ലാഹു സംസാരിക്കുന്നില്ല, അല്ലെങ്കിൽ ഞങ്ങൾക്കൊരു ദൃഷ്ടാന്തം വന്നുകിട്ടുന്നില്ല?” (2:118).

അവരുടെ അഹങ്കാരം കാരണം പറഞ്ഞതാണിത്. അതിന് അല്ലാഹു മറുപടി പറയുകയാണ് ഈ വചനത്തിൽ. ലോകരിൽനിന്ന് അവൻ തെരഞ്ഞെടുക്കുന്ന പ്രവാചകന്മാരും ദൂതന്മാരുമായ തന്റെ പ്രത്യേക സൃഷ്ടികളോട് മാത്രമെ അവൻ സംസാരിക്കൂ. അതാവട്ടെ ഇവിടെ പറഞ്ഞ ഏതെങ്കിലും ഒരു രൂപത്തിലായിരിക്കും. ഒന്നുകിൽ പ്രാവചക ഹൃദയത്തിൽ ഇട്ടുകൊടുക്കുന്ന വഹ്‌യിലൂടെ, മലക്കിനെ അയക്കാതെയും നേർക്കുനേരെ സംസാരിക്കാതെയും. (അല്ലെങ്കിൽ) നേരിട്ടു സാസാരിക്കും. പക്ഷേ (ഒരു മറയ്ക്ക് പിന്നിൽ നിന്നായിക്കൊണ്ട്) കലാമുറഹ്മാൻ മൂസാ(അ)യോട് സംസാരിച്ചപോലെ. (അല്ലെങ്കിൽ) മലക്കായ ഒരു ദൂതൻ മുഖേന സംസാരിക്കും. (ഒരു ദൂതനെ അയച്ച്) ജിബ്‌രീലിനെപ്പോലെയുള്ള മലക്കുകളെയോ അല്ലാത്തവരെയോ അയച്ച്. (അല്ലാഹുവിന്റെ അനുവാദപ്രകാരം ബോധനം നൽകുക എന്ന നിലയിലോ അല്ലാതെ) അതായത് അദ്ദേഹത്തിന്റെ ഇഷ്ടപ്രകാരമല്ല. മറിച്ച് അല്ലാഹുവിന്റെ അനുമതിപ്രകാരം. (തീർച്ചയായും അവൻ) അല്ലാഹു അവന്റെ ദാത്തും വിശേഷണങ്ങളും ഉള്ളവനാണ്. അവ മഹത്ത്വമേറിയതാണ്. ഉന്നത പ്രവർത്തനങ്ങളിലുമാണ്. എല്ലാറ്റിനെയും അവൻ അടക്കിഭരിക്കുന്നു. എല്ലാ സൃഷ്ടിജാലങ്ങളും അവന് കീഴൊതുങ്ങുന്നു. അവക്കെല്ലാം അവയുടെതായ സ്ഥാനം നിശ്ചയിക്കുന്നതിൽ അവൻ സർവജ്ഞനാണ്; സൃഷ്ടിപ്പിലും നിയമനിർമാണത്തിലും.

52). (അപ്രകാരം) നിനക്ക് മുമ്പുള്ള പ്രവാചകന്മാർക്ക് പ്രബോധനം നൽകിയപ്പോൾ (തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു) അതാണ് പരിശുദ്ധ ക്വുർആൻ. ഇതിനെ ആത്മാവെന്നാണ് അല്ലാഹു വിളിച്ചത്. കാരണം ആത്മാവ് ശരീരത്തെ ജീവിപ്പിക്കുന്നു. ക്വുർആനാകട്ടെ ഹൃദയങ്ങൾക്കും ആത്മാവുകൾക്ക് ജീവൻ നൽകുന്നതാണ്. മതപരവും ഭൗതികവുമായ മുഴുവൻ നന്മകൾക്കും അത് ജീവൻ നൽകുന്നു. ഇതിനുമാത്രം ധന്യമായ അറിവും വർധിച്ച നന്മയും അതുൾക്കൊള്ളുന്നു. സത്യവിശ്വാസികളായ തന്റെ ദാസന്മാർക്കും തന്റെ ദൂതനും അല്ലാഹു നൽകിയ പ്രതീക്ഷയായ ഒരു അനുഗ്രഹമാണിത്. അവരതിന് കാരണക്കാരല്ല. അതാണ് അല്ലാഹു പറഞ്ഞത്: (നിനക്ക് അറിയുമായിരുന്നില്ല) ഈ ക്വുർആൻ നിനക്ക് അവതരിക്കുന്നതിന് മുമ്പ്. (വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന്) അതായത് പൂർവ വേദങ്ങളെക്കുറിച്ചോ വിശ്വാസമോ ദൈവികമായ നിയമങ്ങളോ അതനുസരിച്ചുള്ള പ്രവർത്തനങ്ങളോ നിനക്കറിയുമായിരുന്നില്ല. മാത്രവുമല്ല, എഴുതാനോ വായിക്കാനോ അറിയാത്ത നിരക്ഷരനായിരുന്നു താങ്കൾ. അങ്ങനെയിരിക്കെ, ഈ ഗ്രന്ഥം താങ്കൾക്ക് അവതരിച്ചു (അതിനെ നാമൊരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസന്മാരിൽനിന്ന് നാം ഉദ്ദശിക്കുന്നവർക്ക് നാം വഴികാണിക്കുന്നു).

ആ ക്വുർആൻ മുഖേന അവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും അതിരുവിട്ട തന്നിഷ്ടങ്ങളുടെയും ഇരുട്ടുകളിൽ അവർ പ്രകാശം തേടുന്നു. അതിലൂടെ അവർ യാഥാർഥ്യങ്ങൾ മനസ്സിലാക്കുന്നു. ശരിയ മാർഗത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. (തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്) അത് അവരെ ഉണർത്തുകയും അവർക്കത് വ്യക്തത നൽകുകയും പ്രകാശം നൽകുകയും പ്രചോദിപ്പിക്കുകയും വിരുദ്ധമായതിനെ വിരോധിക്കുകയും നിരുത്സാഹപ്പെടുത്തുകയും ശരിയായ മാർഗം വിശദീകരിച്ചുനൽകുകയും ചെയ്യുന്നു.

53). തന്റെ ദാസന്മാർക്ക് അല്ലാഹു നിശ്ചയിച്ച മാർഗം. അവനിലേക്കും അവന്റെ ആദരണീയ സ്വർഗത്തിലേക്കും എത്തിക്കുന്ന മാർഗമതാണെന്ന് അവൻ അവരെ അറിയിക്കുന്നു. (അല്ലാഹുവിലേക്കാകുന്നു കാര്യങ്ങൾ ചെന്നെത്തുന്നത്) അനുകൂലവും പ്രതികൂലവുമായ എല്ലാ കാര്യങ്ങളും അവനിലേക്ക് മടങ്ങുന്നു. എല്ലാവർക്കും അവരവരുടെ പ്രവർത്തനങ്ങളുടെ കണക്കനുസരിച്ച് അവൻ പ്രതിഫലം നൽകുന്നു. നന്മക്ക് നന്മയും തിന്മക്ക് തിന്മയും. ■



# സ്ത്രീകളും പ്രബോധനവും

ആഷിഖ.എ.വി, നടുവട്ടം

മതപ്രബോധനം (ദഅ്‌വത്ത്) എന്നത് മഹത്തായ ഒരു പുണ്യകർമമാണ്. 'ദഅ്‌വത്ത് 'എന്ന പദത്തിന്റെ അർഥം 'ക്ഷണിക്കൽ,' 'വിളിക്കൽ' എന്നൊക്കെയാണ്. ഇതരമതസ്ഥർക്ക് മതത്തെ കുറിച്ച് പറഞ്ഞുകൊടുക്കാനും തെറ്റായ ദിശയിൽ സഞ്ചരിക്കുന്ന മുസ്‌ലിംകളെ നേർവഴിയിലേക്ക് നയിക്കാനുമുള്ള എല്ലാ പ്രവർത്തനങ്ങളും ദഅ്‌വത്തിൽ പെടും. നബി(സ്വ)ക്ക് ദിവ്യബോധനം ലഭിച്ചതിന്റെ തുടക്ക ഘട്ടത്തിൽ താങ്ങും തണലുമായി നിന്നത് പ്രിയ പത്നി ഖദീജ(റ)യാണ്. ഇസ്‌ലാമിനുവേണ്ടി ഒരുപാട് ത്യാഗം സഹിച്ച സ്ത്രീകൾ കഴിഞ്ഞുപോയിട്ടുണ്ട്. ധീര രക്തസാക്ഷി സുമയ്യ(റ) ഇസ്‌ലാമിക ചരിത്രത്തിലെ ജ്വലിക്കുന്ന നക്ഷത്രമാണ്.

സ്ത്രീകൾക്കും ദഅ്‌വത്തിൽ അവരുടെതായ പങ്ക് വഹിക്കാനുണ്ട്. സ്ത്രീ അറിവ് പകർന്നു കൊടുക്കുന്ന വിളക്കായി മാറണം. സ്ത്രീകൾക്ക് ആദ്യമായി ചെയ്യാനുള്ളത് വീട്ടിലുള്ളവരുടെ ഇസ്‌ലാമിക ജീവിതം ഉറപ്പുവരുത്തുക എന്നതാണ്. മക്കൾക്കും വീട്ടിലുള്ളവർക്കും ഇസ്‌ലാമിക സംസ്കാരം പകർന്നു നൽകാൻ സാധിക്കുന്ന എല്ലാ മാർഗങ്ങളും ഉപയോഗപ്പെടുത്തണം. വീട്ടിനുള്ളിൽ ഉണ്ടായേക്കാവുന്ന എല്ലാ തിന്മകളെയും ഇല്ലാതാക്കുന്നതിൽ സ്ത്രീകളാണ് ശ്രദ്ധ ചെലുത്തേണ്ടത്. ഭർത്താവിന്റെയും കുട്ടികളുടെയും കൂടെയിരിക്കാനും മതപരമായ കാര്യങ്ങൾ സംസാരിക്കാനും അവൾ സമയം കണ്ടെത്തണം. ഭർത്താവിന്റെ ഇസ്‌ലാം സ്വീകരണം മഹ്‌റായി സ്വീകരിച്ച മഹതി ഉമ്മു സുലൈം ഭർത്താവായ അബൂ ത്വൽഹക്ക് ഇസ്‌ലാമിനെക്കുറിച്ച് പഠിപ്പിച്ചുകൊടുത്തവരാണ്.

അയൽവാസികളുമായി നല്ല ബന്ധം നിലനിർത്താനും അവരെ നല്ല കാര്യങ്ങളിലേക്ക് അടുപ്പിക്കാനും ഏറ്റവും കൂടുതൽ കഴിയുക സ്ത്രീകൾക്കാണ്. ഒരു സ്ത്രീ നന്നായാൽ വീട് നന്നായി, വീട് നന്നായാൽ കുടുംബം നന്നായി, കുടുംബം നന്നായാൽ സമൂഹം നന്നായി. മറ്റുള്ളവരുടെ നന്മ ആഗ്രഹിച്ചുകൊണ്ട് പ്രവർത്തിച്ചാൽ നമ്മിലും ഒരുപാട് നന്മകൾ വന്നുചേരും. ഓരോരുത്തരുടെയും കടമയാണ് താൻ മനസ്സിലാക്കിയ മതപരമായ കാര്യം താനുമായി ബന്ധപ്പെട്ടവർക്ക് അറിയിച്ചുകൊടുക്കുക എന്നത്. സ്ത്രീകൾ അതിൽനിന്ന് ഒഴിവല്ല. അതിനു സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല. "അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്" (ക്വുർആൻ 41:31).

നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്നത് ഉത്തമ സമുദായത്തിന്റെ സ്വഭാവമാണെന്ന് ക്വുർആൻ പറയുന്നുണ്ട്. ആധുനിക വിവരസാങ്കേതിക വിദ്യകളും സോഷ്യൽ മീഡിയകളും നന്മ പ്രസരിപ്പിക്കുന്ന മാർഗത്തിൽ ഉപയോഗിക്കുവാൻ സ്ത്രീകൾക്കും സാധിക്കും. നല്ല സന്ദേശങ്ങൾ സഹോദരിമാർക്ക് അയച്ചു കൊടുക്കുന്നതും അവരുമായി നല്ല ബന്ധം പുലർത്തുന്നതും പ്രബോധന പ്രവർത്തനം തന്നെയാണ്.

ഒരിക്കലും പ്രയാസമില്ലാത്ത, പ്രശ്നങ്ങളില്ലാത്ത ഒരു ദഅ്‌വ ജീവിതം പ്രതീക്ഷിക്കരുത്. ദഅ്‌വ രംഗത്തേക്ക് ഇറങ്ങുമ്പോൾ ഒരുപാട് വിമർശനങ്ങളും പരിഹാസങ്ങളും തേടിയെത്തും. അവിടെ പതറാതെ മുന്നോട്ടു പോകാൻ സാധിക്കണം. നല്ല ക്ഷമയുള്ളവരാവാൻ ശ്രമിക്കണം. ക്ഷമാലുക്കളുടെ കൂടെയാണ് അല്ലാഹു എന്നത് തിരിച്ചറിഞ്ഞ് മുന്നോട്ടു പോകുക. ഇഹലോകത്ത് ആരുടെ മുന്നിൽ ചെറുതായാലും അല്ലാഹുവിന്റെ മുന്നിൽ വലുതാകണം. പരലോകത്ത് ഉന്നതിയിൽ എത്തണം. ത്യാഗം സഹിക്കാതെ സ്വർഗത്തിൽ പ്രവേശിക്കാം എന്ന് ഒരാളും വിചാരിക്കരുത്. നല്ല രീതിയിലുള്ള പ്രവർത്തനങ്ങളുമായി ജീവിതം മുന്നോട്ടു നയിക്കുവാൻ ശ്രമിക്കുക. ജീവിതംകൊണ്ട് മുസ്‌ലിം ആവുക. അല്ലാഹുവിന്റെ മതത്തിനു വേണ്ടി പണിയെടുത്ത് അതിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ മരണപ്പെടാൻ കഴിയണം.

നല്ല നാളേക്കായ് ഇന്ന് പഠിക്കാം

JAMIA AL-HIND AL-ISLAMIYYA

# SCHOOL OF Qur'an

READ. LEARN. EVOLVE



## 2023-24 രജിസ്ട്രേഷൻ ആരംഭിച്ചു

**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഏപ്രിൽ 30**

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- ഗ്രേഡ് ഒന്നിൽ 172 സ്ലോട്ടുകളിലായി അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്...
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോവിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷ ഫോം പൂരിപ്പിക്കുക.


**Head Office:**
**Jamia Al-Hind Al-Islamiyya, Vadi Al Hikma, Jamia Campus,**
**Mini Ootty - Oorakam, Malappuram - Kerala - India - PIN 676519**
**Mob: +91 8606788882, WhatsApp: 9072646000**
mail@schoolofquran.in www.schoolofquran.in


**SCHOOL OF QURA'N CENTERS:**

I KASARAGODE: 8089192273 I KANHANGAD: 9605210101 I THALIPARMBA: 8606776770 I KINAVAKKAL: 9995334766 I VADAKARA:9995494598
I KAPPAD: 9846808230 I PARAPPANAGADI: 9544924596 I TIRUR: 9633099992 I THOTTASSERYARA: 8606600555 I CHATTIPARAMBA: 9496526220
I KOTTAKKAL: 9995798755 I EDATHANATTUKARA: 9495467259 I MANJERI: 9846872999 I AREEKODE: 9447926082 I VENGIDANGU: 9048869220
I MARANJERY: 9946739215 I KOLLAM: 80895 46729 I KAYAMKULAM: 89434 64478 I ATTINGAL: 9497714521 I KODUVAYUR: 9745287883 I KOLLAYIL: 9747258263
I OTHAYI: 9497 650100 I PALAPPETTY: 9400777158 I WANDOOR: 9544610220 I ANCHAL: 9048739182 I KANNANALLOOR: 9961493999 I KUNJATHUR: 8089619272

I COIMBATORE: 9080475224 I ERODE: 9942958888 I SALEM: 9865167864 I METTUPALAYAM: 8300886551 I POLLACHI: 9940838413 I UDAMALPET: 9865051917

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
01 APRIL 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students

27 ാമത്

ഹൃദയം തുറക്കാം,
ക്വുർആൻ പഠിക്കാം

# ക്വുർആൻ വിജ്ഞാന പരീക്ഷ

## 2023 ഏപ്രിൽ 6 വ്യാഴം

**സിലബസ്**

- സൂറ : അൽ ഫുർഖാൻ (അദ്ധ്യായം 25)
- സൂറ : അശ്ശുഅറാഅ് (അദ്ധ്യായം 26)

മുഹമ്മദ് അമാനി മൗലവിയുടെ ക്വുർആൻ വിവരണത്തിൽ നിന്ന്

1 ലക്ഷം രൂപയുടെ സമ്മാനങ്ങൾ

Scan QR Code For Registration
guide.wisdomislam.org

പഠന ക്ലാസ്സുകൾക്ക് സന്ദർശിക്കുക..
WisdomGlobalTV

7560 902 902

CV Complex, PV Swami Road, Kozhikode
wisdomstudents wisdomglobaltv

peaceradio